ANOINTING FIRE
MEDIA MINISTRY

അഭിഷേകാഗ്നി

DECEMBER 2022

# അഭിഷിക്തൻ

MAGAZINE FOR PRIESTS, NUNS & CHURCH LEADERS

## വലിയ കാര്യങ്ങൾക്കായി ചോദിക്കുക
Rev. Fr. Xavier Khan Vattayil PDM

## ജ്ഞാനിയും നക്ഷത്രവും
Rev. Dr. Noble Mannarath CMF





# മറിയത്തിന്റെ സ്തോത്രഗീതം

എന്റെ ആത്മാവു കർത്താവിനെ മഹത്ത്വപ്പെടുത്തുന്നു.
എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു.
അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു.
ഇപ്പോൾ മുതൽ സകല തലമുറകളും
എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും.

ശക്തനായവൻ എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു.
അവിടുത്തെ നാമം പരിശുദ്ധമാണ്.
അവിടുത്തെ ഭക്തരുടെമേൽ തലമുറകൾതോറും
അവിടുന്ന് കരുണ വർഷിക്കും.
അവിടുന്ന് തന്റെ ഭുജം കൊണ്ട് ശക്തി പ്രകടിപ്പിച്ചു.
ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു.
ശക്തന്മാരെ സിംഹാസനത്തിൽ നിന്നു
മറിച്ചിട്ടു; എളിയവരെ ഉയർത്തി.
വിശക്കുന്നവരെ വിശിഷ്ട വിഭവങ്ങൾകൊണ്ട് സംതൃപ്തരാക്കി;
സമ്പന്നരെ വെറുംകൈയോടെ പറഞ്ഞയച്ചു.
തന്റെ കാരുണ്യം അനുസ്മരിച്ചുകൊണ്ട് അവിടുന്നു തന്റെ
ദാസനായ ഇസ്രായേലിനെ സഹായിച്ചു.
നമ്മുടെ പിതാക്കന്മാരായ അബ്രാഹത്തിനോടും അവന്റെ
സന്തതികളോടുമായി ചെയ്ത വാഗ്ദാനം അനുസരിച്ചുതന്നെ.

**(ലൂക്കാ.1: 46-55)**

*പരിശുദ്ധ മറിയത്തിന്റെ സ്വന്തമായ ഏക പ്രാർത്ഥനയായി ബൈബിളിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ് മറിയത്തിന്റെ സ്തോത്രഗീതം. അവളിലൂടെ കർത്താവാണ് സംസാരിച്ചത്. ആയതിനാൽ അവിടുന്നാണ് അതിന്റെ കർത്താവ് എന്ന് പറയുന്നതായിരിക്കും കൂടുതൽ ശരി. മനുഷ്യർക്കോ, മാലാഖമാർക്കോ ഇന്നും അഗ്രാഹ്യമാണ് അതിലെ ഉള്ളടക്കം. ''അവിടുന്ന് തന്റെ ഭുജം കൊണ്ട് ശക്തി പ്രകടിപ്പിച്ചു: ഹൃദയ വിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു'' (ലൂക്കാ. 1:51) എന്ന വചനം കേൾക്കുമ്പോൾ തന്നെ പിശാചുക്കൾ വിറച്ചുകൊണ്ട് ഓടുന്നു എന്നാണ്.*

# മരിയൻ തിരുനാളുകൾ



ഡിസംബർ 08 - പരിശുദ്ധ കന്യകാ മറിയത്തിന്റെ അമലോത്ഭവം (കടമുള്ള തിരുനാൾ)
ഡിസംബർ 10 - ലൊറേറ്റൊ മാതാവ്
ഡിസംബർ 18 - ഗ്വാഡലൂപ്പെ മാതാവ്
ഡിസംബർ 18 - മാതാവിന്റെ പ്രതീക്ഷാ തിരുനാൾ


# CONTENTS



06
മനുഷ്യാവതാരത്തിന്റെ ലക്ഷ്യം
മാർ ജേക്കബ് മനത്തോടത്ത്


08
വലിയ കാര്യങ്ങൾക്കായി ചോദിക്കുക
റവ. ഫാ. സേവ്യർ ഖാൻ വട്ടായിൽ PDM


10
ജനതകളുടെ പ്രതീകമായ
ബൈബിളിലെ രണ്ടു അന്ധന്മാർ
ബ്ര. തോമസ് പോൾ


13
കല്ലേറുദൂരം മാറി പ്രാർത്ഥിക്കുക
റവ. ഫാ. ബിജു മാരാംകുഴയ്ക്കൽ SVD


15
ക്രിസ്തുമസ്സിന്റെ കേന്ദ്രം-ഉണ്ണിയേശു തന്നെയാവട്ടെ
മരിയറ്റ് സാബു


17
ജ്ഞാനിയും നക്ഷത്രവും
റവ. ഡോ. നോബിൾ മണ്ണാറാത്ത് CMF


22
എന്റെ വല്യമ്മച്ചി അറബിക്ക്
മുത്തം കൊടുത്തപ്പോൾ...
റവ. ഫാ. റെന്നി കാഞ്ഞിരത്തിങ്കൽ


24
മറയായി മാറണം
റവ. ഫാ. തോമസ് പാട്ടത്തിൽചിറ CMF

# എഡിറ്റോറിയൽ

**ABHISHIKTHAN**
**DEC-2022**

Anointing Fire Media Ministry
St. Jude Tower, Robinson Road,
Palakkad - 678 001, Kerala, S.India
Ph : 07034957777
E-mail : anointingfiremediaministry@gmail.com
: abhishikthan@abhishekagni.org
Web : www.abhishekagni.org

Volume No.6 \ Issue No.67 \Dec. 2022

**Patron**
Bishop Mar Jacob Manathodath
**Spiritual Director**
Fr. Xavier Khan Vattayil, PDM
**Managing Editor**
Fr. Binoy Karimaruthinkal, PDM
**Owned By**
Anointing Fire Media Ministry,
Palakkad
**Chief Editor**
Sabu Kasargod
**Editorial Board**
Fr. Samson Mannur, PDM
Santhosh T
**Associate Editor**
Fr. Antony Nedumpurath
**General Manager**
Sony George
**Publication Manager**
Sibi K Jose
**Layout & Graphics**
Octalitedesigns
**Circulation Manager**
Noel V Joseph
**Printed at**
Don Bosco IGACT, EKM

## ഹേറോദോസിന് അവനെ വധിക്കാൻ കഴിഞ്ഞില്ല!

പാലസ്തീനായിലെ ചെറിയൊരു ഗ്രാമത്തിൽ പരിശുദ്ധാത്മാവിനാൽ കന്യകയിൽ ജനിച്ചവന്റെ വ്യക്തിത്വം ഇന്നും അനേകരെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. മുപ്പത്തിമൂന്നു വർഷക്കാലത്തെ ജീവിതത്തിന്റെ ഇടയിൽ 90-മൈൽ കൂടുതൽ അവൻ സഞ്ചരിച്ചിട്ടില്ല.ഒരു പുസ്തകവും അവൻ രചിച്ചിട്ടില്ല. താൻ ഒരു ജ്ഞാനിയാണെന്ന് അവൻ ഒരിടത്തും പറഞ്ഞിട്ടില്ല. ചുങ്കക്കാരും, മുക്കുവരും ആയിരുന്നു അവന്റെ സുഹൃത്തുക്കൾ. എങ്കിലും എത്രമാത്രം അവൻ ലോകത്തെ സ്വാധീനിച്ചു. ഇന്നും സ്വാധീനിച്ചുകൊണ്ടിരിക്കുന്നു.

യേശുവിനെകുറിച്ചുള്ളതെല്ലാം അവന്റെ ദിവ്യത്വവും വ്യക്തിമാഹാത്മ്യവും വിളംബരം ചെയ്യുന്നു: ബൈബിളിൽ രേഖപ്പെടുത്തിയിട്ടുള്ള ഏതാനും കാര്യങ്ങൾ ധ്യാനിക്കാം: ''ദൂതൻ അവരോടു പറഞ്ഞു: ഭയപ്പെടേണ്ടാ. ഇതാ, സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്നു ജനിച്ചിരിക്കുന്നു.'' (ലൂക്കാ.2: 10-11). ദൂതൻ പറഞ്ഞു: ''അവൻ വലിയവനായിരിക്കും; അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും. അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവ് അവനു കൊടുക്കും''(ലൂക്കാ.1:32). യേശുവിന്റെ രൂപാന്തരീകരണ സമയത്ത് പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെ ഒരു മേഘം വന്ന് ആവരണം ചെയ്തു. ''മേഘത്തിൽനിന്ന് ഒരു സ്വരം പുറപ്പെട്ടു: ഇവൻ എന്റെ പ്രിയപുത്രൻ; ഇവന്റെ വാക്കു ശ്രവിക്കുവിൻ''(മാർ.9:7). യേശുവിനെ പിടിച്ചുകൊണ്ടു പോകുവാനായി അയക്കപ്പെട്ട സേവകർ വെറും കൈയോടെ തിരിച്ച് ചെന്നപ്പോൾ, പുരോഹിത പ്രമുഖന്മാരോടും ഫരിസയരോടും ''അവർ മറുപടി പറഞ്ഞു: അവനെപ്പോലെ ആരും ഇതുവരെ സംസാരിച്ചിട്ടില്ല'' (യോഹ.7:46). ''ഒരു വലിയ ജനക്കൂട്ടവും, കരയുകയും മുറവിളി കൂട്ടുകയും ചെയ്തിരുന്ന സ്ത്രീകളുടെ സമൂഹവും യേശുവിന്റെ പിന്നാലെ പോയിരുന്നു''(ലൂക്കാ.23:27).

ലോകത്തിൽ യേശുവിനു മുമ്പും, ശേഷവും അനേകം പ്രഗത്ഭർ ജനിച്ചിട്ടുണ്ട്. അവരെയെല്ലാം ചരിത്രംതന്നെ മറക്കുന്നു. എങ്കിലും യേശു ഇന്നും ജീവിക്കുന്നു. അവനെ വധിക്കാൻ ഹേറോദോസിനുപോലും കഴിഞ്ഞില്ല. കുഴിമാടത്തിന് അവനെ സംവഹിക്കാൻ പറ്റിയില്ല. അവൻ മനുഷ്യകുലത്തിന്റെ രക്ഷകനും, സ്നേഹിതനുമായി ഇന്നും ജീവിക്കുന്നു. സകലജനത്തിനും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വാർത്തയായി! ◉



*പ്രാർത്ഥനയോടെ,*
**ബ്ര. സാബു കാസർകോഡ്**
ചീഫ് എഡിറ്റർ





# മനുഷ്യാവതാരത്തിന്റെ ലക്ഷ്യം

മാർ ജേക്കബ് മനത്തോടത്ത്

മനുഷ്യനായി അവതരിച്ച ദൈവപുത്രനാണ്, 'ദൈവം' ആരാണ് എന്ന ചോദ്യത്തിന് ശരിയായ ഉത്തരം നമുക്ക് നല്കിയത്. ''ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവുമായി ഹൃദയഐക്യം പുലർത്തുന്ന ദൈവം തന്നെയായ ഏകജാതനാണ് അവനെ വെളിപ്പെടുത്തിയത്. (യോഹ.1:18) പിതാവായ ദൈവത്തെ അറിഞ്ഞവൻ പുത്രൻ മാത്രമാണ്. എന്നാൽ പുത്രൻ ആർക്കു വെളിപ്പെടുത്തിക്കൊടുക്കാൻ മനസ്സാകുന്നുവോ അവരും പിതാവിനെ അറിയുന്നു (മത്താ.11:27) ദൈവം, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രീത്വമാണെന്ന രഹസ്യം ഈശോയാണ് നമുക്ക് വെളിപ്പെടുത്തിയത്.

പഴയ നിയമത്തിൽ ദൈവം പിതാവായി അറിയപ്പെട്ടിരുന്നു. പ്രപഞ്ചത്തിന്റെ സ്രഷ്ടാവ് എന്ന അർത്ഥത്തിലാണ് ആ പദം ഉപയോഗിച്ചിരുന്നത്. എന്നാൽ ദൈവം മനുഷ്യവംശത്തിന്റെ സ്നേഹപിതാവാണെന്ന സത്യം ഈശോയിൽ നിന്നാണ് ലോകം ആദ്യമായി ശ്രവിച്ചത്. ഈശോയിലൂടെ മനുഷ്യവംശത്തിനു ലഭിച്ച ഏറ്റം വലിയ തിരിച്ചറിവും അതായിരുന്നു. ദൈവത്തെപ്പറ്റിയുള്ള ഈ ദർശനം ക്രിസ്തുമതത്തിന്റെതന്നെ അടിസ്ഥാന പ്രബോധനങ്ങളിൽ ഒന്നാണ്. പിതാവായ ദൈവമാണ് ഈശോയെ മനുഷ്യരക്ഷയ്ക്കുവേണ്ടി ലോകത്തിലേക്ക് അയച്ചത്. തന്റെ പുത്രനെ നമുക്കായി വിട്ടുതരുവാൻ തക്കവിധം ലോകത്തെ സ്നേഹിച്ചവനാണ് പിതാവായ ദൈവം. ദൈവവും മനുഷ്യവംശവും തമ്മിലുള്ള അനുരഞ്ജനം സാധിച്ചത് ഈശോ വഴിയാണ്.

അളവില്ലാത്തവിധം നമ്മെ സ്നേഹിക്കുകയും നിരന്തരം പരിപാലിക്കുകയും നിരുപാധികമായി നമ്മോട് ക്ഷമിക്കുകയും ചെയ്യുന്ന ഒരു പിതാവാണ് ദൈവം എന്നാണ് ഈശോ തന്റെ പ്രബോധനങ്ങളിലൂടെ നമ്മെ പഠിപ്പിച്ചത്. പാപികളുടെ നേർക്കുള്ള

ദൈവത്തിന്റെ സ്നേഹത്തെ വിവരിക്കുന്ന ഈശോയുടെ ഉപമകൾ എത്രയോ ഹൃദയസ്പർശികളാണ്. പ്രബോധനങ്ങളിലൂടെ മാത്രമല്ല ഈശോ ദൈവത്തെ നമുക്ക് വെളിപ്പെടുത്തുന്നത്. അവിടുത്തെ ജീവിതവും പ്രവർത്തനവും മരണവും ഉയിർപ്പുമെല്ലാം ദൈവത്തെ വെളിപ്പെടുത്തുന്നവയായിരുന്നു. കാരണം അവിടുന്ന് പിതാവായ ദൈവത്തിന്റെ സത്തയുടെ പ്രതിച്ഛായയായിരുന്നു. അതുകൊണ്ടാണ് എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു എന്നവിടുന്ന് പറഞ്ഞത് (യോഹ.12:15:14:19). സ്നേഹം തന്നെയായ ദൈവം യേശുക്രിസ്തുവിലൂടെ നമ്മുടെയിടയിൽ പ്രത്യക്ഷനായി (1.യോഹ.4:9).

ദൈവത്തെ പിതാവായി വെളിപ്പെടുത്തുക മാത്രമല്ല ഈശോ ചെയ്യുന്നത്. ദൈവത്തെ ആബാ, പിതാവേ എന്നു വിളിക്കുവാനും തനിക്കുമാത്രം ഉണ്ടായിരുന്ന ആബാ അനുഭവത്തിലേക്ക് നമ്മെ ആനയിക്കുവാനും അവിടുന്ന് തിരുമനസ്സായി. ഈ അനുഭവം നമുക്ക് സ്വന്തമാകുന്നത് മാമ്മോദീസായിലൂടെയാണ്. യേശുവിനെ നാഥനും രക്ഷകനുമായി ഏറ്റുപറഞ്ഞ് മാമ്മോദീസാ സ്വീകരിക്കുന്നവരെല്ലാം യേശുവഴി ദൈവത്തിന്റെ ദത്തുപുത്രന്മാരായിത്തീരുന്നു.

### നാം ദൈവമക്കൾ

മനുഷ്യവംശത്തെ പാപത്തിന്റെ അടിമത്തത്തിൽ നിന്ന് മോചിപ്പിക്കുക മാത്രമായിരുന്നില്ല മനുഷ്യാവതാരത്തിന്റെ ലക്ഷ്യം. മനുഷ്യരെ ദൈവമക്കളാക്കുന്നതിനു വേണ്ടിക്കൂടിയാണ് ദൈവം മനുഷ്യനായി അവതരിച്ചത്. ദൈവത്തിന്റെ സാദൃശ്യത്തിലായിരുന്ന ദൈവപുത്രൻ തന്നെത്തന്നെ ശൂന്യനാക്കി മനുഷ്യന്റെ സാദൃശ്യം സ്വീകരിച്ചത് മനുഷ്യരായ നമുക്ക് ദൈവപുത്രസ്ഥാനം നല്കിക്കൊണ്ട് നമ്മെ ഓരോരുത്തരേയും തന്റെ സാദൃശ്യത്തോട് അനുരൂപരാക്കുന്നതിന് വേണ്ടിയായിരുന്നു (റോമ.8:29). പാപികളായ മനുഷ്യരോടുള്ള ദൈവത്തിന്റെ അതിരറ്റ സ്നേഹമാണ് രക്ഷാകര പദ്ധതിയിലൂടെ അനാവരണം ചെയ്യപ്പെടുന്നത്. അതുകൊണ്ടാണ് യോഹന്നാൻ ശ്ലീഹാ പറയുന്നത്. ''കണ്ടാലും! എത്രവലിയ സ്നേഹമാണ് പിതാവ് നമ്മോട് കാണിച്ചത്. ദൈവമക്കളെന്ന് നാം വിളിക്കപ്പെടുന്നു. നാം അങ്ങനെയാണുതാനും'' (1.യോഹ.3:1).

ദൈവം ആരാണ് എന്ന ചോദ്യത്തിനു മാത്രമല്ല ഈശോ ഉത്തരം നല്കിയത്. മനുഷ്യൻ ആരാണ് എന്ന ചോദ്യത്തിനും ശരിയായ ഉത്തരം തന്നത് ഈശോ തന്നെയാണ്. നാമോരുരുത്തരും ഈശോവഴി ദൈവമക്കളായി തീർന്നവരാണ്. ഇത് ഒരു ദാനവും അതേസമയം ഒരു ദൗത്യവും കൂടിയാണ്. നമ്മിൽ വസിക്കുന്ന ദൈവാത്മാവിനാൽ നാം നയിക്കപ്പെടണം. അപ്പോഴാണ് നമ്മുടെ ജീവിതം ദൈവമക്കൾക്ക് യോജിച്ചതായിത്തീരുന്നത് (റോമ.8:14). യേശു വഴി ദൈവമനുഷ്യ ബന്ധത്തിന് പുതിയ മാനം കൈവന്നു. ദൈവവുമായുള്ള നമ്മുടെ ബന്ധം പിതൃപുത്ര ബന്ധമായി മാറി. യേശുവിന് പിതാവിനോടുള്ള അതേ അടുപ്പത്തിൽ നമുക്കും പിതാവായ ദൈവത്തെ സമീപിക്കാൻ സാധിക്കുന്നു.

മനുഷ്യൻ തമ്മിലുള്ള ബന്ധത്തിനും യേശുവിലൂടെ ഒരു പുതിയ മാനം കൈവന്നു. ദൈവമക്കളായ നാം പരസ്പരം സഹോദരീ സഹോദരന്മാരായി. യേശു അനേകം സഹോദരരിൽ ആദ്യജാതനും. അതായത് യേശു ജേഷ്ഠ സഹോദരനും, നാം അവിടുത്തെ സഹോദര ഗണത്തിലെ അംഗങ്ങളുമായി മാറി (റോമ. 8:29). ദൈവം നമ്മുടെ പിതാവാണ്, നാം അവിടുത്തെ മക്കളാണ്. നാമെല്ലാവരും യേശുവിൽ സഹോദരീ സഹോദരന്മാരാണ്. ദൈവത്തെപ്പറ്റിയും നമ്മെ ഓരോരുത്തരെപ്പറ്റിയും മറ്റുള്ളവരെപ്പറ്റിയും ശരിയായ അവബോധം നമുക്കുണ്ടാകണം. നമ്മുടെ ജീവിതവും പ്രവർത്തനവും അതു പ്രതിഫലിപ്പിക്കുന്നതാകണം. പിതാവേ എന്നുള്ള സംബോധന അർത്ഥവത്തായി ത്തീരുന്നത് പിതാവിന്റെ വത്സലമക്കളെന്ന നിലയിൽ നാമേവരും ജീവിക്കുമ്പോഴാണ്.

യേശുവിനെ നാഥനും കർത്താവുമായി ഏറ്റുപറയാത്തവരും വ്യാപകാർത്ഥത്തിൽ ദൈവമക്കളാണ്. ദൈവമാണ് എല്ലാവരേയും തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചത്. എല്ലാവരേയും ദൈവമക്കളായി കാണാനും അവരെ സ്നേഹിക്കാനും ക്രൈസ്തവരായ നമുക്കു സാധിക്കണം. ജാതിമതഭേദമന്യേ- ശത്രുമിത്രഭേദമന്യേ എല്ലാവരെയും സ്നേഹിക്കുവാനും അവർക്കു ശുശ്രൂഷചെയ്യുവാനും നാം തയ്യാറാകുമ്പോൾ നാം നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവിന് അനുയോജ്യരായ മക്കളായിത്തീരുന്നു. ''നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ, നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. അങ്ങനെ നിങ്ങൾ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരും'' എന്നാണല്ലോ ഈശോ നമ്മെ പഠിപ്പിച്ചത്(മത്താ.5:44-45).

മനുഷ്യാവതാരത്തിൽ നാം എത്രമാത്രം ധന്യരായി എന്നു പ്രത്യേകവിധം ധ്യാനിച്ചുകൊണ്ട് ''ലോകരക്ഷകനായ മിശിഹായേ, നിന്റെ ആഗമനം അനുഗൃഹീതമാകുന്നു'' എന്നു നമുക്ക് ഏറ്റുപറയാം. ശരിയായ ദൈവാവബോധവും സ്വയാവബോധവും സഹജാവബോധവും ഉള്ള വ്യക്തികളായി നമുക്ക് മാറാം. മനുഷ്യാവതാരത്താൽ ധന്യരായ നമ്മുടെ ചിന്തയിലും പ്രവൃത്തിയിലും മിശിഹാ അവതീർണ്ണനാകുവാൻ ഇടയാകത്തക്കവിധത്തിൽ നമുക്കു ജീവിക്കാം. ◉

## ദൈവകരുണ

***''എന്റെ എല്ലാ പ്രവർത്തനങ്ങളെയും മകുടമണിയിക്കുന്നത് കരുണയാണ്. എന്റെ മകളേ, എന്റെ കാരുണ്യ ഹൃദയത്തെപ്പോലെയാണ് നിന്റെ ഹൃദയത്തെയും രൂപപ്പെടുത്തേണ്ടത്. എന്റെ കാരുണ്യത്താൽ നീ പൂർണ്ണമായും പൂരിതയാകണം. എന്റെ കരുണയിലാശ്രയിച്ച ഒരാത്മാവിനുപോലും നിരാശപ്പെടേണ്ടി വന്നിട്ടില്ല, ലജ്ജിക്കേണ്ടി വരികയുമില്ല''.***

ഈശോ വിശുദ്ധ ഫൗസ്റ്റീനയോട് പറഞ്ഞ വാക്കുകൾ



# വലിയ കാര്യങ്ങൾക്കായി ചോദിക്കുക

**റവ. ഫാ. സേവ്യർ ഖാൻ വട്ടായിൽ PDM**

നാം എല്ലാവരും പ്രാർത്ഥിക്കുന്നവരാണ്. നിശബ്ദതയിലും, ഉച്ചത്തിലും നാം പ്രാർത്ഥിക്കാറുണ്ട്. തങ്ങളുടെ വിഷയങ്ങൾ തന്നെയായിരിക്കും മിക്കവരുടെയും പ്രാർത്ഥനയിൽ. രോഗം, തകർച്ച, കടബാധ്യത ഇവയെല്ലാം പലപ്പോഴും പ്രാർത്ഥനയുടെ പ്രധാന വിഷയങ്ങളാണ്.

യേശുവിന്റെ എഴുതപ്പെടാത്ത ഒരു പ്രസ്താവന ഉണ്ട്. അതിലേക്ക് അലക്സാൻഡ്രിയായിലെ വി.ക്ലെമന്റ് നമ്മുടെ ശ്രദ്ധക്ഷണിക്കുന്നു. അത് ഇപ്രകാരമാണ്. ''നിങ്ങൾ വലിയ കാര്യങ്ങൾക്കായി ചോദിക്കണം. അപ്പോൾ ദൈവം ചെറിയ കാര്യങ്ങൾ കൂട്ടിചേർക്കും''. നാം പലപ്പോഴും നമുക്കുചുറ്റും നിന്ന് കറങ്ങുകയാണ്. അതായത് നമ്മുടെ ക്ലേശങ്ങളും, ആഗ്രഹങ്ങളും, ആവലാതികളും മാത്രം. ഇതല്ല വേണ്ടത്. വലിയ കാര്യങ്ങൾക്കായി നാം പ്രാർത്ഥിക്കണം. അപ്പോൾ ദൈവത്തിന്റെ മഹത്വത്തിനും, പുകഴ്ചയ്ക്കും യോജിച്ചവിധം അവിടുന്ന് ഇടപെടും. കാരണം, നാം അവിടത്തോടു പ്രാർത്ഥിക്കുന്നതുകൊണ്ട് അവിടുത്തേക്ക് എല്ലാം അറിയാം. ''നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും''(മത്താ.6:33). മക്കൾ ചോദിക്കുന്നതിനുമുമ്പ് അവർക്ക് എന്തൊക്കെ വേണമെന്നുള്ളത് അവിടുത്തെ ദാനങ്ങളോട് അവിടുന്ന് കൂട്ടുന്നു.

വി.മത്തായിയുടെ സുവിശേഷത്തിൽ യേശു തന്റെ ശിഷ്യരെ പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്നുണ്ട്. ''നിങ്ങൾ ഇപ്രകാരം പ്രാർഥിക്കുവിൻ: സ്വർഗസ്ഥനായ



ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. അന്നന്നു വേണ്ട ആഹാരം, ഇന്നു ഞങ്ങൾക്കു നൽകണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. തിൻമയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ'' (മത്താ.6:9-13).

ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ, തിന്മയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ എന്ന് പ്രാർത്ഥിച്ചുകൊണ്ടാണ് ഈ പ്രാർത്ഥന സമാപിക്കുന്നത്. പാലസ്തീനായുടെ രീതിപ്രകാരം ഏതൊരു അപേക്ഷയ്ക്കും പരിസമാപ്തി ഉണ്ടാകണം. ബൈബിളിന്റെ അതിപുരാതന കൈഎഴുത്തു പ്രതികളിൽ ഇല്ലാത്തതും, ഡിഡാക്കയിൽ കാണുന്നതുമായ ഒരു ഭാഗം ഉണ്ട്. അത് ഇപ്രകാരമാണ്. ''എന്തുകൊണ്ടെന്നാൽ, രാജ്യവും, ശക്തിയും, പുകഴ്ചയും അങ്ങയുടെതാകുന്നു എന്നേയ്ക്കും''. ഇത് നാം അംഗീകരിച്ച് വിശ്വസിക്കണം.

CCC-2616-വിശുദ്ധ അഗസ്തീനോസ് യേശുവിന്റെ പ്രാർത്ഥനയുടെ മൂന്നു മാനങ്ങളെ വിദഗ്ധമായി സംഗ്രഹിക്കുന്നു:''നമ്മുടെ പുരോഹിതനായി അവിടുന്നു നമുക്കു വേണ്ടി പ്രാർത്ഥിക്കുന്നു, നമ്മുടെ ശിരസ്സായി നമ്മിൽ പ്രാർഥിക്കുന്നു, നമ്മുടെ ദൈവമായി നമ്മുടെ പ്രാർത്ഥന ശ്രവിക്കുന്നു. അതു കൊണ്ട് അവിടുന്നിൽ നമ്മുടെ ശബ്ദവും നമ്മിൽ അവിടുത്തെ ശബ്ദവും നമുക്ക് ഏറ്റു പറയാം''.

''ഈ ജീവിതത്തിനുവേണ്ടി മാത്രം ക്രിസ്തുവിൽ പ്രത്യാശ വച്ചിട്ടുള്ളവരാണെങ്കിൽ, നമ്മൾ എല്ലാ മനുഷ്യരെയുംകാൾ നിർഭാഗ്യരാണ്''(1.കൊറി.15:19). ''നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങൾക്ക് അറിയാമല്ലോ. അവൻ സമ്പന്നനായിരുന്നിട്ടും നിങ്ങളെ പ്രതി ദരിദ്രനായി - തന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നരാകാൻ വേണ്ടിത്തന്നെ'' (2 കൊറി.8:9).''എന്നാൽ, അങ്ങ് എല്ലാവരോടും കരുണ കാണിക്കുന്നു; അവിടുത്തേക്ക് എന്തും സാധ്യമാണല്ലോ. മനുഷ്യൻ പശ്ചാത്തപിക്കേണ്ടതിന് അവിടുന്ന് അവരുടെ പാപങ്ങളെ അവഗണിക്കുന്നു'' (ജ്ഞാനം.11:23).''കർത്താവേ, സകലത്തിലും അങ്ങയുടെ അക്ഷയമായ ചൈതന്യം കുടികൊള്ളുന്നു'' (ജ്ഞാനം. 12:1).

CCC-2610 യേശു പിതാവിനോടു പ്രാർത്ഥിക്കുകയും ദാനങ്ങൾ സ്വീകരിക്കുന്നതിനുമുൻപു നന്ദിപറയുകയും ചെയ്യുന്നതുപോലെതന്നെ പുത്രസഹജമായ ധീരത അവിടുന്നു നമ്മെ പഠിപ്പിക്കുന്നു. നിങ്ങൾ 'പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്നതെന്തും ലഭിക്കുമെന്നു വിശ്വസിക്കുവിൻ. നിങ്ങൾക്കതു ലഭിക്കുകതന്നെ ചെയ്യും'. സംശയരഹിതമായ പ്രാർത്ഥനയ്ക്കും വിശ്വാസത്തിനും അത്രയേറെ ശക്തിയുണ്ട്. വിശ്വസിക്കുന്നവന് എല്ലാ കാര്യങ്ങളും സാധ്യമാണ്. സ്വന്തം അയൽവാസികളുടെ വിശ്വാസരാഹിത്യം മൂലവും സ്വന്തം ശിഷ്യന്മാരുടെ 'അൽപ വിശ്വാസം' മൂലവും യേശു ദു:ഖിതനാകുന്നു. റോമൻ ശതാധിപന്റെയും കാനാൻകാരിയായ സ്ത്രീയുടെയും വലിയ വിശ്വാസംകൊണ്ട് അവിടുന്ന് അത്ഭുതസ്തബ്ധനായി.

CCC-2668 എപ്പോഴും പരിപാവനമായ യേശുനാമം വിളിച്ചപേക്ഷിക്കുന്നതാണ് ഏറ്റവും ലളിതമായ പ്രാർത്ഥനാമാർഗം. വിനീതവും ശ്രദ്ധാലു വുമായ ഹൃദയം ആ പവിത്രനാമം ആവർത്തിച്ചു വിളിക്കുമ്പോൾ ഒരിക്കലും അതിഭാഷണത്തിൽ പ്രാർത്ഥന അർത്ഥശൂന്യമാകുന്നില്ല. മറിച്ച് വചനത്തിൽ ഉറച്ചുനിൽക്കുകയും 'ക്ഷമയോടെ ഫലം പുറപ്പെടുവിക്കുകയും' ചെയ്യുന്നു. ഈ പ്രാർത്ഥന 'എപ്പോഴും' സാധ്യമാണ്-എന്തെന്നാൽ, പല ജോലികളിൽ ഒന്നല്ല, പിന്നെയോ യേശുക്രിസ്തുവിൽ എല്ലാ പ്രവൃത്തികളെയും ചൈതന്യവത്താക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്ന ദൈവത്തെ സ്നേഹിക്കുക എന്ന ഏക കർത്തവ്യമാണ് അത്.

അതിനാൽ പ്രാർത്ഥന എന്നാൽ ദൈവത്തെ സ്നേഹിക്കലാവട്ടെ. അവന്റെ നാമം എപ്പോഴും വിളിച്ചപേക്ഷിക്കാം. പ്രാർത്ഥിക്കുമ്പോൾ-അവിടുത്തെ ശക്തിയേയും, മഹത്വത്തെയും, പറ്റി നമുക്ക് ഓർക്കാം. നമ്മെപ്രതി ദരിദ്രനായവൻ ശിരസ്സായിനിന്ന് നമ്മിൽ പ്രാർത്ഥിക്കും. അപ്പോൾ ബാക്കി എല്ലാം കൂട്ടിചേർക്കപ്പെടും. ◉

## വിശുദ്ധ ബർണ്ണാർദ് യേശുവിന്റെ മനുഷ്യാവതാരത്തെക്കുറിച്ച്

*വിശുദ്ധ ബർണ്ണാർദ് യേശുവിന്റെ മനുഷ്യാവതാരത്തെക്കുറിച്ച് പ്രസംഗിക്കുമ്പോൾ സരസമായി പറഞ്ഞു: ''ഞാൻ സ്നേഹിതന്മാരോടുകൂടി ചന്തസ്ഥലത്തു കളിക്കുകയായിരുന്നു. ഞെട്ടിപ്പിക്കുന്ന ഒരു വാർത്ത കേട്ടു. എന്നെ രാജാവ് മരണത്തിനു വിധിച്ചിരിക്കുന്നു. രാജാവിന്റെ ഏകസുതൻ ഈ വിവരമറിഞ്ഞ ഉടനെ കിരീടവും രാജകീയ വസ്ത്രങ്ങളും ഉപേക്ഷിച്ചു. അനുതാപികളുടെ ചാക്കു വസ്ത്രങ്ങളണിഞ്ഞും ശിരസ്സിൽ ചാരം പൂശിയും നഗ്നപാദനായി എന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അദ്ദേഹം കരയുകയായിരുന്നു. ഞാൻ അങ്ങനെ വധിക്കപ്പെടുന്നത് അദ്ദേഹത്തിനു സഹിച്ചു കൂടാ. വിസ്മയാധീനനായ എന്നോട് അദ്ദേഹം പറഞ്ഞു: നിനക്കുവേണ്ടി മരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.''*





# ജനതകളുടെ പ്രതീകമായ ബൈബിളിലെ രണ്ടു അന്ധന്മാർ

ബ്ര. തോമസ് പോൾ

യേശു അവിടെനിന്നു കടന്നുപോകുമ്പോൾ, രണ്ട് അന്ധന്മാർ, ദാവീദിന്റെ പുത്രാ, ഞങ്ങളിൽ കനിയണമേ എന്നു കരഞ്ഞപേക്ഷിച്ചുകൊണ്ട് അവനെ അനുഗമിച്ചു. അവൻ ഭവനത്തിലെത്തിയപ്പോൾ ആ അന്ധൻമാർ അവന്റെ സമീപം ചെന്നു. യേശു അവരോടു ചോദിച്ചു എനിക്ക് ഇതു ചെയ്യാൻ കഴിയുമെന്നു നിങ്ങൾ വിശ്വസിക്കുന്നുവോ? ഉവ്വ്, കർത്താവേ, എന്ന് അവർ മറുപടി പറഞ്ഞു (മത്താ. 9:27–28).

**വി. ഹിലരി പിതാവ് പറയുന്നു:** അഥവാ നിശ്ശബ്ദരായിരിക്കൻ അന്ധരോട് അവിടന്ന് ആവശ്യപ്പെട്ടു. കാരണം പ്രഘോഷണം അപ്പസ്തോലന്മാരുടെ ജോലിയാണ്. വി. ഗ്രിഗറി പിതാവ് ഇപ്രകാരം പറയുന്നു: ഇച്ഛാശക്തിയും അധികാരവും ഒന്നിച്ചുള്ള ശക്തന് ഇവിടെ തന്റെ ഉത്കൃഷ്ട പ്രവൃത്തികൾ അറിയാതിരിക്കണമെന്ന് അവിടുന്ന് ആഗ്രഹിച്ചു. എന്നാൽ കാഴ്ചകിട്ടിയവർ അവിടത്തെ ഇഷ്ടത്തിനെതിരേ പ്രസംഗിച്ചു. ഇത് എന്തുകൊണ്ടാണെന്നു നാം അന്വേഷിക്കണം. തന്നെ അനുഗമിച്ച ദാസന്മാർക്ക് അവിടന്ന് ഒരു മാതൃക നല്കുകയായിരുന്നു. തങ്ങളുടെ സത്പ്രവൃത്തികൾ നിഗൂഢമായിരിക്കണമെന്ന് അവർ ആഗ്രഹിക്കണം എന്നുള്ളതാണ്. എന്നാലും അവരുടെ ഇഷ്ടത്തിനു വിരുദ്ധമായി അവ അറിയപ്പെടും. മറ്റുള്ളവർ അവരുടെ മാതൃകവഴി ലാഭമുണ്ടാക്കും. അപ്പോൾ അവർ മറഞ്ഞിരിക്കണം. നിർബന്ധം കൊണ്ട് പ്രസിദ്ധമാകണം. അവയുടെ നിഗൂഡത നമ്മുടെ ശ്രദ്ധമൂലമാണ്. അവയുടെ ഒറ്റിക്കൊടുക്കൽ മറ്റുള്ളവരുടെ ലാഭത്തിനുവേണ്ടിയാണ്.

**വി. റെമീജൂസ് പിതാവ് പറയുന്നു:** ആലങ്കാരികമായി പറഞ്ഞാൽ അന്ധരായ ഈ രണ്ടുപേർ യഹുദരുടെയും വിജാതീയരുടെയും ദേശങ്ങളെ സൂചി

പ്പിക്കുന്നു. അല്ലെങ്കിൽ യഹൂദ വംശത്തിന്റെതന്നെ രണ്ടു ജനതകളെ സൂചിപ്പിക്കുന്നു. എന്തെന്നാൽ റൊഹോവാമിന്റെ കാലത്ത് രാജ്യം രണ്ടായി തിരിക്കപ്പെട്ടിരുന്നു. രണ്ടു രാജ്യങ്ങളിലുള്ളവർ വിശ്വസിച്ചതുകൊണ്ട് അവരെ ക്രിസ്തു സുഖപ്പെടുത്തി. സഭ എന്നാണ് ഇതുകൊണ്ട് മനസ്സിലാക്കേണ്ടത്. എന്തെന്നാൽ സഭയുടെ ഐക്യം കൂടാതെ ഒരു മനുഷ്യനും രക്ഷപ്പെടുകയില്ല. കർത്താവിന്റെ വരവിൽ വിശ്വസിച്ചിരുന്ന യഹൂദജനം ആ അറിവ് ലോകമെങ്ങും പരത്തി.

ഈ രണ്ട് അന്ധന്മാർ രണ്ട് ജനതയുടെ പ്രതീകമാണ്. ഒന്നുകിൽ യഹൂദരും വിജാതീയരും. അല്ലെങ്കിൽ യഹൂദരിൽ തന്നെയുള്ള ഫരിസേയരും സദുക്കായരും. ക്രിസ്തു എല്ലാവർക്കും വേണ്ടിയാണ് വന്നത്. ചിലർ പറയാറുണ്ട് വിജാതീയരുടെ വീടുകളിൽ പോകരുതെന്ന്. അതിനു ശേഷം ഈശോ വിജാതീയരിലേക്ക് ആണ് നയിക്കുന്നത്. ആദ്യം യഹൂദരുടെ അടുത്തേക്കും, പിന്നീട് വിജാതീയരുടെ അടുത്തേക്കും. അതുകൊണ്ട് നിങ്ങൾ വിജാതീയരുടെ അടുത്തേക്ക് പോകരുതെന്ന് ഈശോ പറഞ്ഞ ആ വചനം ഉദ്ധരിച്ചുകൊണ്ട് നമ്മൾ വിജാതീയരുടെ വീട്ടിൽ കേറാതെയും വിജാതീയരെ സുവിശേഷം അറിയിക്കാതെയും ഇരിക്കുന്നത് തെറ്റാണ്. ഈശോ വന്നിരിക്കുന്നത് സകല മനുഷ്യർക്കും വേണ്ടിയാണെന്ന് വി. മത്തായിയുടെ സുവിശേഷത്തിൽ കാണാം. ഈശോ മലയിലെ പ്രസംഗം കഴിഞ്ഞ് താഴേക്കു ഇറങ്ങുമ്പോൾ ഇതാ ഒരു കുഷ്ഠരോഗി സുഖപ്പെടുന്നു. അവൻ ആരായിരുന്നു, ഏതു ജാതി ആണെന്നോ നോക്കുന്നില്ല. അത് കഴിഞ്ഞ് ശതാധിപൻ വന്നു. ശതാധിപൻ ഒരു വിജാതീയൻ ആണെന്ന് നമുക്ക് അറിയാം. കർത്താവ് പറഞ്ഞു, ഞാൻ നിന്റെ വീട്ടിൽ വന്ന് അവനെ സുഖപ്പെടുത്താം. ശതാധിപൻ ആണ് പറയുന്നത്, അങ്ങെന്റെ വീട്ടിൽ വരാൻ ഞാൻ യോഗ്യനല്ല അങ്ങ് ഇവിടെ നിന്ന് ഒരു വാക്ക് പറഞ്ഞാൽ മതി, എന്റെ ഭൃത്യൻ സുഖം പ്രാപിക്കും. കർത്താവ് പറഞ്ഞു, നിന്റെ വിശ്വാസം പോലെ നിനക്ക് സംഭവിക്കട്ടെ. വിജാതീയരുടെ അടുത്ത് പോകരുതെന്ന് വചനം വെച്ചുകൊണ്ട് അവരുടെ അടുത്ത് പോകാതിരിക്കുന്നത് ശരിയല്ല. വചനത്തിന്റെ അന്തരാർത്ഥം മനസ്സിലാക്കണം. ഈ രണ്ട് അന്ധന്മാർ സഭയുടെ പ്രതീകങ്ങൾ ആണെന്ന് മനസ്സിലാക്കണം. സഭയുടെ ഐക്യം കൂടാതെ ഒരു മനുഷ്യനും രക്ഷപ്പെടുകയില്ല. സഭ എന്ന് പറഞ്ഞാൽ എല്ലാ മനുഷ്യരും സഭയിൽ ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ട്. സഭ എന്ന് പറയുന്നത് ഇന്ന് നിലവിൽ ഉള്ള കത്തോലിക്കർ മാത്രം അല്ല, യേശുവിന്റെ സഭ, എല്ലാ മനുഷ്യർക്കും വേണ്ടിയുള്ളതാണ്. ഒരുപാട് യഹൂദർ യേശുക്രിസ്തുവിൽ വിശ്വസിച്ചു. പന്തക്കുസ്താ ദിവസത്തിൽ തന്നെ അനേകംപേർ മാമ്മോദീസ സ്വീകരിച്ചു.

രണ്ടുപേരോടും കർത്താവ് പറഞ്ഞു ഇത് ആരോടും പറയരുതെന്ന്. പക്ഷെ അവർ എല്ലായിടത്തും പോയി പ്രചരിപ്പിച്ചു. യഹൂദർ തന്നെ ഇത് പ്രചരിപ്പിക്കാൻ തുടങ്ങി. ഒരുവൻ രക്ഷിക്കപ്പെട്ടു കഴിഞ്ഞാൽ അവനു പിന്നെ മറഞ്ഞിരിക്കാൻ സാധ്യമല്ല. ആ പ്രകാശം പറയുടെ കീഴിൽ വക്കാൻ പറ്റില്ല. എന്നാൽ കർത്താവിന്റെ കാഴ്ചപ്പാട്, തന്റെ എളിമ കൊണ്ടും താൻ തന്നെ തന്റെ കീർത്തി പ്രസിദ്ധപ്പെടുത്തരുത് എന്നുള്ളതുകൊണ്ടും ആണ്. പക്ഷെ കർത്താവ് ചെയ്ത വൻകാര്യങ്ങൾ ആർക്കും ഒളിച്ചുവക്കാൻ പറ്റില്ല. ആ പ്രവർത്തികൊണ്ട് തന്നെ അത് താനേ പ്രചരിക്കും. വി. റമേജിയോസ് പിതാവ്: ഇത് ഈശോയുടെ രക്ഷാകര പദ്ധതിയുടെ പ്രവർത്തിയായി കാണുകയാണ്. ഈ രണ്ട് പേർ സഭയുടെ രണ്ട് ധ്രുവങ്ങളാണ്. വിജാതീയരും യഹൂദരും. ഇവർ യേശുവിൽ വിശ്വസിച്ചതോടെ അവരുടെ ജിവിതത്തിലെ അന്ധത മാറി. അവരുടെ ആന്തരിക അന്ധത മാറി. അവർ രക്ഷ കണ്ടെത്തി.അവർ നിയമത്തിന്റെ അനുഷ്ഠാനത്തിലൂടെ അല്ല, ദൈവത്തിന്റെ കൃപയിലൂടെയും പരിശുദ്ധത്മാവിലൂടെയും ജിവിതത്തിൽ പുതുമ മനസ്സിലാക്കി. അവർക്കു സ്വാതന്ത്ര്യമായി. അവർക്കു വിശുദ്ധിയായി. അവരുടെ വിശുദ്ധ ജീവിതവും ആ പെരുമാറ്റച്ചട്ടങ്ങളും കണ്ടപ്പോൾ അത് താനേ മറ്റുള്ളവരിലേക്ക് പ്രചരിച്ചു.

വി.റബാനൂസ് പിതാവ് പറയുന്നത് ഇപ്രകാരമാണ് : ഭരണാധിപന്റെ വീട് മോശയാൽ ഭരിക്കപ്പെട്ട സിനഗോഗാണ്. യേശുവിന്റെ വീട് സ്വർഗീയ ജറുസലേം ആണ്. കർത്താവ് തന്റെ ലോകത്തിലൂടെ നടന്ന് തന്റെ ഭവനത്തിലേക്ക് പോകുമ്പോൾ രണ്ട് അന്ധന്മാർ അവിടത്തെ അനുഗമിച്ചു. അതായത്, അപ്പസ്തോലന്മാർ സുവിശേഷം പ്രസംഗിച്ചപ്പോൾ യഹൂദരും വിജാതീയരും അവിടത്തെ അനുഗമിക്കാൻ തുടങ്ങി. എന്നാൽ അവിടന്ന് സ്വർഗത്തിലേക്ക് ആരോഹണം ചെയ്തപ്പോൾ സ്വന്തം ഭവനത്തിൽ പ്രവേശിച്ചു. അതായത് കത്തോലിക്കാ സഭയിലുള്ള ഏകവിശ്വാസം ഏറ്റുപറഞ്ഞു. അതിൽ അവർ പ്രകാശിതരായി. ഈ അന്ധന്മാർ യേശുവിന്റെ വീടായ സ്വർഗ്ഗീയ ജെറുസലേമിലേക്ക് വന്നു.

ഒരിക്കൽ രണ്ട് പേരുടെ തർക്കം തീർക്കാൻ ആയി വന്നു. ഒരാൾ പറഞ്ഞു, മറ്റെയാൾ താമസിക്കുന്ന സ്ഥലത്ത് ക്രിസ്ത്യാനികൾ അല്ലാത്ത ആളുകളും താമസിക്കുന്നുണ്ട്. അതുകൊണ്ട് ഇയാൾ ക്രിസ്ത്യാനികൾ അല്ലാത്തവർ താമസിക്കുന്ന സ്ഥലത്ത് താമസിക്കരുത്. അവരുമായിട്ടുള്ള താമസംമൂലം പല ബന്ധനങ്ങളും ഉണ്ടാകും. കാരണം ക്രിസ്ത്യാനികൾ അല്ലാത്തവർ താമസിക്കുന്നിടത്തു താമസിക്കരുതെന്നു കർത്താവ് പറഞ്ഞിട്ടുണ്ട് എന്നാണ് വാദം. ഒരു ഗവൺമെന്റ് അപ്പാർട്ട്മെന്റ് ആണ്-വിജാതീയരുടെ അടുത്തേക്ക് പോകരുതെന്നു സുവിശേഷത്തിൽ പറഞ്ഞിട്ടുണ്ട്, പോരാത്തതിന് ചില ധ്യാനഗുരുക്കന്മാരും പറഞ്ഞിട്ടുണ്ട്-എന്നായിരുന്നു വാദം. നമ്മൾ സുവിശേഷത്തിന്റെ ആകെത്തുക മനസ്സിലാക്കുന്നില്ലെങ്കിൽ ഉള്ള ഒരു പ്രശ്നം ഇതാണ്. യേശു ക്രിസ്തു എന്തിനു വന്നു? യേശു ക്രിസ്തു ഈ കാത്തോലിക്കരെ മാത്രം രക്ഷിക്കാൻ ആണോ വന്നത്? കാത്തോലിക്കർ അന്നുണ്ടായിരുന്നോ? സുവിശേഷത്തിന്റെ ആകെത്തുക മനസ്സിലാക്കിയില്ലെങ്കിൽ അതിന്റെ ഒരു വാചകം മാത്രം പിടിച്ചുകൊണ്ടിരുന്നാൽ വലിയ വാഗ്വാദം ആവും. പിന്നെ ഈ കാര്യങ്ങളെല്ലാം പറഞ്ഞു മനസ്സിലാക്കിയപ്പാൾ ആണ് അവർക്കു സ്വാതന്ത്ര്യം ആയത്.

യേശു അപ്പസ്തോലന്മാരോട് വിജാതീയരുയുടെ അടുക്കൽ പോകരുതെന്ന് പറഞ്ഞത് ആദ്യത്തെ പ്രഘോഷണത്തിൽ ആണ്. ആദ്യം നിങ്ങൾ യഹൂദരുടെ അടുക്കൽ പോകണം. തുടർന്ന് നമ്മൾ കാണുന്നത് എല്ലായിടത്തേക്കും യേശു പോയി. അവസാനം ഈശോ വിജാതീയരുടെ അടുത്തേക്കും പോയി. സുവിശേഷത്തിന്റെ അവസാനം നമ്മൾ കാണുന്നത്, നിങ്ങൾ ലോകം എങ്ങും പോയി സകല സൃഷ്ടികളോടും വചനം പ്രഘോഷിക്കുവിൻ എന്നാണ്. മനുഷ്യരോട് മാത്രമല്ല.



സുവിശേഷം പടരാത്തതിന്റെ ഒരു കാരണം ഇതാണ്. സുവിശേഷ വിശ്വാസം എന്ന് പറയുന്നത് അതിനു ഒരു അതിരില്ല. നമ്മൾ അതിനു അതിരു വെക്കരുത്. ഇത് കാത്തോലിക്കാർക്ക് മാത്രം ഉള്ളതാണ്, ഹിന്ദുക്കളെയോ മുസ്ലീമുകളെയോ മറ്റോ ഇതിൽ ഉൾപെടുത്താൻ പാടില്ല, ഇങ്ങനെ പറഞ്ഞിരിക്കുകയാണെങ്കിൽ അവർ വിശ്വാസത്തിന്റെ ഒന്നാം ക്ലാസ്സ് പോലുമായില്ല. കർത്താവ് പറഞ്ഞിരിക്കുന്നത് ലോകം മുഴുവൻ പോകാനാണ്. അന്ധകാരത്തിലേക്കു പോകാനാണ്. മറ്റുള്ളവരെ രക്ഷിക്കണമെങ്കിൽ രക്ഷിക്കപ്പെട്ടവരുടെകൂടെ മാത്രം ഇരുന്നാൽ രക്ഷിക്കപ്പെടുമോ. ഈ ബോധ്യം നമുക്കുണ്ടാവണം. കർത്താവ് നൽകിയിരിക്കുന്ന വിശ്വാസത്തിന്റെ കപ്പാസിറ്റി, എത്ര പിശാച് ഉള്ളിടത്തേക്കു പോയാലും നമ്മൾ അവിടെ ചെല്ലുമ്പോൾ തന്നെ പിശാച് അവിടെ നിന്നും പോകും. നമ്മൾ അവിടെ ചെല്ലുമ്പോൾ തന്നെ നമ്മിൽ ക്രിസ്തു ഉള്ളതുകൊണ്ട് നമ്മിലുള്ള പ്രകാശം അവരിലേക്ക് പ്രസരിക്കും. അതാണ് ഇവിടെ പറയുന്ന അന്ധത ഭൗതികമായ ഒരു അന്ധത അല്ല. വാസ്തവത്തിൽ കർത്താവ് നമുക്ക് പകർന്നുതരുന്നത് ഈ രണ്ട് കൂട്ടരുടെയും ആത്മീയ അന്ധത മാറ്റണം എന്നുള്ളതാണ്. യഹൂദരുടെയും വിജാതീയരുടെയും. വിജാതീയർ എന്ന് സുവിശേഷത്തിൽ പറഞ്ഞിരിക്കുന്നത് സുവിശേഷത്തിൽ കാണുന്ന വിജാതീയർ അല്ല. യഹൂദർ ഒഴികെ ബാക്കി എല്ലാവരും വിജാതീയർ ആയിട്ടാണ് സുവിശേഷത്തിൽ കാണുന്നത്. അങ്ങനെ ചിന്തിക്കുമ്പോൾ യഹൂദർ അല്ലാത്ത നമ്മൾ എല്ലാവരും വിജാതീയർ ആണ്. നമ്മളും നമ്മുടെ കാർന്നവന്മാരും വിജാതീയർ ആയിരുന്നു. സുവിശേഷത്തിന്റെ ദൗത്യം നാം ഇപ്പോഴും ആരംഭിച്ചിട്ടേയില്ല. ആ രണ്ട് അന്ധൻമാർ നമ്മൾ തന്നെയാണ്. നമ്മൾ ഇപ്പോഴും പണം കൊണ്ടും പ്രശസ്തി കൊണ്ടും, സ്വർണ്ണം കൊണ്ടുമുള്ള അന്ധതയിൽ ആണ്. നമ്മൾ ദൈവത്തിന്റെ പ്രകാശം ഇപ്പോഴും കാണുന്നില്ല. സുവിശേഷത്തിന്റെ രഹസ്യം ഇപ്പോഴും മനസ്സിലാക്കുന്നില്ല. ലോകത്തിന്റെ പ്രകാശമാണെന്ന് പറയുന്നതിന്റെ അടുത്ത് എത്തിയിട്ടേയില്ല. രണ്ട് അന്ധന്മാർ നമ്മൾ തന്നെയാണെന്ന്. ◉

## അമലോത്ഭവ മെഡൽ

1830-ജൂലൈ-18-ന് പാരീസിലെ 'ഡോട്ടേഴ്സ് ഓഫ് ചാരിറ്റി' എന്ന സന്യാസ സഭയിലെ സിസ്റ്റർ കാതറിൻ ലബോറക്ക് പരി.കന്യകാമറിയത്തിന്റെ ഒരു ദർശനം ഉണ്ടായി. അത് ഇപ്രകാരമാണ്: കാതറിൻ ഉറങ്ങുന്ന സമയത്ത് ഒരു കുട്ടി വന്ന് സി.കാതറിനെ തട്ടി ഉണർത്തി ചാപ്പലിലേക്ക് കൊണ്ടുപോയി. അവിടെ ചെന്നപ്പോൾ പരി.കന്യകാമറിയം ഒരു കസേരയിൽ ഇരിക്കുന്നതായി കണ്ടു. ഒരു ഞെട്ടലോടെ മറിയത്തിന്റെ മുമ്പിൽ അവൾ മുട്ടുകുത്തി പരിശുദ്ധമറിയത്തിന്റെ മടിയിൽ കൈകൾ വച്ച് കാതറിൻ മാതാവിനോട് ദീർഘനേരം സംസാരിച്ചു! താൻ ഇനിയും വരുമെന്നും, ഒരു പുതിയ ദൗത്യം കാതറിനെ ഭരമേൽപ്പിക്കുമെന്നും മറിയം അവൾക്ക് വാഗ്ദാനം നൽകി. പിറ്റേ ദിവസം ഉണർന്നപ്പോഴാണ് താൻ ഇന്നലെ കണ്ടത് ഒരു ദർശനമായിരുന്നുവെന്ന് കാതറിൻ തിരിച്ചറിഞ്ഞത്. തുടർന്നുള്ള ദിവസങ്ങൾ പ്രാർത്ഥനയുടെ ദിനങ്ങളാക്കി കാതറിൻ മാറ്റി. 1830-നവംബർ 27-ാം തിയതി സി.കാതറിൻ ലബോറ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന സമയം, വീണ്ടും കാതറിന് ദർശനം നൽകി. ഒരു ഭൂഗോളത്തിൽ പരി.അമ്മ നിൽക്കുന്നതായാണ് അവൾ കണ്ടത്. മാതാവ് കാതറിനോട് പറഞ്ഞു: ഞാൻ കാണിച്ചുതരുന്ന മാതൃകയിൽ ഒരു മെഡൽ നിർമ്മിക്കുക. അത് ഭക്തിപൂർവ്വം കഴുത്തിൽ അണിയുന്നവർക്ക് സ്വർഗ്ഗീയാമയ കൃപകൾ ലഭിക്കും.

2-വർഷങ്ങൾക്കുശേഷം, 1832-ലാണ് ഈ മെഡൽ നിർമ്മിക്കുവാൻ സി. കാതറിന് അനുമതി ലഭിച്ചത്. നിരവധി അനുഗ്രഹങ്ങൾ ദൈവജനത്തിനു ലഭിച്ചു തുടങ്ങി. 1836-ൽ സി. കാതറിന് ലഭിച്ച മരിയൻ പ്രത്യക്ഷീകരണം സത്യമാണെന്ന് സഭ ഔദ്യോഗികമായി പ്രഖ്യാപിച്ചു. 1854-ൽ പരി.മറിയത്തിന്റെ അമലോത്ഭവ വിശ്വാസ സത്യമായി പ്രഖ്യാപിച്ചു. അതോടെ ഈ അത്ഭുത അമലോത്ഭവ മെഡലും പ്രാധാന്യമുള്ളതായിതീർന്നു. വി.മദർ തെരേസ ഇതിനെ 'ഉപവിയുടെ മെഡൽ' എന്നും വി.മാക്സ്മില്യൻകോൾ ബെ 'സിൽവർബുള്ളറ്റ്' എന്നും വിശേഷിപ്പിച്ച് ഇത് ധരിക്കുകയും, പ്രചരിപ്പിക്കുകയും ചെയ്തവരിൽ പ്രധാനികളാണ്. ഈ മെഡൽ സ്വീകരിച്ച് നമുക്കും പരി.മറിയം വാഗ്ദാനം ചെയ്ത് കൃപാവരങ്ങൾ കരസ്ഥമാക്കാം.



# കല്ലേറുദൂരം മാറി പ്രാർത്ഥിക്കുക

റവ. ഫാ. ബിജു മാരാംകുഴയ്ക്കൽ SVD

യേശു ശിഷ്യരൃൽ നിന്നു ഒരു കല്ലേറുദൂരം മാറി മുട്ടിന്മേൽ വീണുപ്രാർത്ഥിച്ചു (ലൂക്കാ. 22:41).ശിഷ്യന്മാരൊടൊപ്പമാണ് യേശു പ്രാർത്ഥിക്കുവാൻ മലയിലേയ്ക്ക് പോയത്. എന്നാൽ അവൻ അവരിൽനിന്ന് ഒരു കല്ലേറുദൂരം മാറി പ്രാർത്ഥിക്കുന്നു. തന്റെ മുമ്പിൽ മുഖാഭിമുഖം താൻ പൂർത്തിയാക്കേണ്ട-കുടിക്കേണ്ട പാനപാത്രം കണ്ടുകൊണ്ടാണ് ക്രിസ്തു പ്രാർത്ഥിക്കുവാൻ പോയത്. എന്നാൽ ശിഷ്യരാകട്ടെ പെസഹായ്ക്കുശേഷം ഒരു പക്ഷേ അല്പം ഉറക്കക്ഷീണവുമായി യേശുവിനോടൊപ്പം പ്രാർത്ഥിക്കുവാൻ പോയി. അവരുടെ കണ്ണുകൾ നിദ്രാഭാരമുള്ളവയായിരുന്നു (മത്താ.26:43, മർക്കോ.14:40). അതു തിരിച്ചറിഞ്ഞ യേശു ഒരു കല്ലേറുദൂരം അവരിൽ നിന്നു മാറി മുട്ടിന്മേൽ വീണു പ്രാർത്ഥിച്ചു. പിതാവിന്റെ ഇഷ്ടം നിറവേറ്റണമെങ്കിൽ തന്റെ ഇഷ്ടത്തെ പൂർണ്ണമായി പരിത്യജിക്കണമെന്നു തിരിച്ചറിവ് അത്യാവശ്യമായിരുന്നു. പിതാവിന്റെയും പുത്രന്റെയും ഹൃദയങ്ങൾ ഒന്നായ സമയമായിരുന്നു ആ പ്രാർത്ഥനയുടെ നിമിഷങ്ങൾ.

തന്റെ ഹൃദയം ഒരു കൊച്ചുകുഞ്ഞിനെപ്പോലെ വളരെ വേദനയോടെ സ്വന്തം പിതാവിന്റെ മുമ്പിൽ തുറന്നുവയ്ക്കുകയാണ് യേശു. പ്രാർത്ഥനക്കായി എപ്പോഴും ഒരു കല്ലേറുദൂരമെങ്കിലും നാം മാറിയിരിക്കേണ്ടിയിരിക്കുന്നു.എന്താവാം പ്രാർത്ഥനക്കായി നാം അളക്കുന്ന കല്ലേറുദൂരം? ജീവിതം തന്നെ പ്രാർത്ഥനയാണ് ആയതിനാൽ പ്രാർത്ഥനക്കായി സമയം പ്രത്യേകം നീക്കിവെച്ചില്ലെങ്കിലും കുഴപ്പമിലായെന്നു ചിന്തിക്കുന്നവരുണ്ട്. എന്നാൽ എത്ര തിരക്കിനിടയിലും പിതാവിനോടൊപ്പമായിരിക്കുവാൻ-ദൈവത്തോടൊത്തു മാത്രം ചെലവഴിക്കുന്ന സമയമാണ് കല്ലേറുദൂരം നാം കണ്ടെത്തുന്ന അമൂല്യ നിമിഷങ്ങൾ. യേശു ശിഷ്യന്മാരിൽ നിന്നു അകലെയല്ലായിരുന്നു എന്നൊരിക്കലും അവൻ അവ



രോടൊപ്പമായിരുന്നില്ല, എന്നാൽ തന്റെ ആബായോടൊപ്പമായിരുന്നു. കൂടുതൽ ആഴത്തിൽ പിതാവുമായൊരു ബന്ധത്തിന്, അവന്റെ ഹൃദയത്തോട് നമ്മുടെ ഹൃദയം ചേർത്തുവെക്കാൻ കല്ലേറു ദൂരം നമ്മെ സഹായിക്കും. സമൂഹത്തിൽ നിന്നുള്ള അനുദിന തിരക്കുകളിൽ നിന്നുള്ള ഈ മാറിയിരുപ്പിനെ (കർത്താവിനൊടൊപ്പമുള്ള) കല്ലേറു ദൂരമായി നമുക്കു താദാത്മ്യം ചെയ്യാനാകും.

അങ്ങനെ കല്ലേറുദൂരം മാറിയിരുന്നു പ്രാർത്ഥിക്കുവാൻ തയ്യാറാകാത്ത പക്ഷം സമൂഹത്തിൽ കൂടുംബങ്ങളിൽ ജീവിക്കുന്ന നമ്മെ നമ്മുടെ ഹൃദയ ഐക്യക്കുറവ് ആത്മാർത്ഥമായ പ്രാർത്ഥനയേ ബാധിക്കാം. അവരോടൊപ്പമായുള്ള പ്രാർത്ഥന തീർച്ചയായും പ്രധാനം തന്നെ എങ്കിലും തനിയെ കർത്താവിനോടൊപ്പമായിരിക്കുക നമ്മുടെ ദൗത്യമാണ്, കാരണം നമ്മുടെ വിളി വ്യക്തിപരമാണ്. വ്യക്തിപരമായി നാം ചെയ്തു തീർക്കേണ്ട ദൗത്യമുണ്ട്. എത്രത്തോളം നാം നമ്മെ ഏല്പിച്ചിരിക്കുന്ന അമൂല്യ ദൗത്യം വിശ്വസ്ഥതയോടെ നിറവേറ്റുന്നുവെന്ന് അനുദിനം ഉത്തരം നൽകേണ്ടവരാണ് നാം. ആ തിരിച്ചറവ് എത്ര തിരക്കിനിടയിലും കല്ലേറുദൂരം മാറിയിരുന്നു പ്രാർത്ഥിക്കുവാൻ നമ്മെ നിർബന്ധിതരാക്കുന്നു.

ഇശോ പ്രാർത്ഥിച്ചപ്പോൾ ശിഷ്യർ ഉറങ്ങുകയായിരുന്നു. അവരാണ് അല്പസമയത്തിനകം ഗുരുവിനെ ഉപേക്ഷിച്ച് ഓടിപോയവർ (മത്താ.26:56). മാറിയിരുന്ന് പ്രാർത്ഥനയിൽനിന്നു ശക്തി സ്വീകരിക്കേണ്ട അവസരത്തിൽ വിവിധ കാരണങ്ങൾ പറഞ്ഞു പ്രാർത്ഥിക്കാതിരുന്നാൽ, വിശ്വാസത്തിൽ വെല്ലുവിളി അനുഭവപ്പെടുമ്പോൾ ക്രിസ്തുവിനെ ഉപേക്ഷിച്ചു, ക്രിസ്തീയ വിശ്വാസം ഉപേക്ഷിച്ചു അവനെ അടുത്തനുഗമിക്കുന്ന വരെന്നഭിമാനിക്കുന്ന നാമും അവനിൽ നിന്നു ഓടിയകന്നേക്കാം. ഒരു കല്ലേറു ദൂരം ശിഷ്യന്മാരിൽ നിന്നു മാറി പ്രാർത്ഥിച്ചതിന്റെ ഫലമെന്നോണം ദൈവം തന്റെ ഹിതം മാറ്റിയില്ല, പിന്നെയോ ദൈവഹിതത്തിനു പരിപൂർണമായി വിധേയപ്പെടാനുള്ള ധൈര്യം യേശുവിനു ലഭിച്ചു. പിതാവേ കഴിയുമെങ്കിൽ ഈ പാനപാത്രം മാറ്റിതരണമേ (മത്താ.26:39) എന്ന് ആരംഭത്തിലെ പ്രാർത്ഥിച്ച യേശു പിതാവിന്റെ ഹിതമതാണെന്ന് തിരിച്ചറിഞ്ഞു ആ ഹിതം നിറവേറ്റാനുള്ള കൃപക്കായി പ്രാർത്ഥിച്ചു. ഒന്നുകിൽ ദൈവം ഭക്ഷണം തരും അല്ലെങ്കിൽ പട്ടിണി കിടക്കാനുള്ള കൃപതരും. ആ സത്യം തിരിച്ചറിഞ്ഞ് കൃപയ്ക്കായാണ് നാം പ്രാർത്ഥിക്കേണ്ടത്. അല്ലാത്തപക്ഷം ദൈവഹിതമെന്നോണം പട്ടിണിയും സഹനവും മറ്റും ജീവിതത്തിൽ വരുമ്പോൾ കൃപയോടെ അവ സ്വീകരിച്ചു ദൈവത്തെ മഹത്വപ്പെടുത്തേണ്ടതിനു പകരം ദൈവത്തെ മറന്നേക്കാം, ദൈവത്തെ പഴിചാരിയേക്കാം, ഒരു പക്ഷേ വിശ്വാസം തന്നെ ത്യജിച്ചേക്കാം.

ദൈവത്തിന്റെ മുമ്പിൽ എളിമയോടെ തന്നെത്തന്നെ സമർപ്പിക്കലാണ് ഒരു കല്ലേറുദൂരം മാറിയുള്ള പ്രാർത്ഥനയുടെ പ്രത്യേകത. അങ്ങനെ യേശു പ്രാർത്ഥിച്ചപ്പോൾ അവനെ ശക്തിപ്പെടുത്താൻ സ്വർഗ്ഗത്തിൽനിന്ന് ഒരു മാലാഖ വന്നു(ലൂക്കാ.22:43). ദൈവം ദൂതനെ അയച്ചത് പുത്രന്റെ ഹിതമല്ല പിതാവിന്റെ ഹിതം തന്നിൽ പൂർണമായും നിറവേറട്ടെയെന്ന് പ്രാർത്ഥിച്ചപ്പോഴാണ്. ദൈവീക പദ്ധതിയോട് നാം പൂർണമായി സഹകരിക്കുമ്പോൾ നമ്മുടെ കുറവുകൾ നന്നായറിയാവുന്ന ദൈവം നമ്മെ സഹായിക്കുവാൻ ദൂതന്മാരെ അയച്ചു നമ്മെ ബലപ്പെടുത്തിക്കൊണ്ടിരിക്കും. ദൈവീക സാന്നിദ്ധ്യം എല്ലായിടത്തുമുണ്ടെങ്കിലും എല്ലാസ്ഥലങ്ങളിലുമിരുന്ന് പ്രാർത്ഥന അത്ര എളുപ്പമല്ല. ആത്മീയ ജീവിതത്തിൽ വളരുവാനൊരുവൻ ആഗ്രഹിക്കുമ്പോൾ അനുദിനം ഒരു കല്ലേറുദൂരും മാറിയിരുന്ന് പ്രാർത്ഥിക്കുവാൻ തയ്യാറാകണം. ആ അവസരങ്ങളിൽ വിയർപ്പു രക്തത്തുള്ളികൾ പോലെയാകത്തക്ക ഹൃദയവേദനയോടെ പ്രാർത്ഥിക്കണം. നമ്മുടെ പ്രാർത്ഥനയിലൂടെ നിത്യരക്ഷ പ്രാപിക്കേണ്ട അനേകർക്കായി പ്രാർത്ഥിക്കുവാൻ നാം മറക്കുമ്പോൾ നമ്മിലൂടെ നിവർത്തിക്കപ്പെടേണ്ട രക്ഷ സാധ്യമാകാതെ പോകുകയാണ്. എത്ര കയ്പേറിയ പാനപാത്രവും നിത്യതയിൽ നമുക്കു മധുരിക്കണമെങ്കിൽ ആ പാനപാത്രം കൃപയോടെ കുടിക്കുവാൻ നാം തയ്യാറാകണം. ആയതിനാൽ ഒരു കല്ലേറു ദൂരം മാറിയിരുന്നുള്ള പ്രാർത്ഥന നമുക്കൊഴിവാക്കുവാനാകില്ല. നമ്മുടെ ഹിതവും നമുക്കായുള്ള ലോകത്തിന്റെ ഹിതവും നാം പൂർണ്ണമായി ത്യജിക്കാതെ ദൈവഹിതം നിറവേറ്റുക സാധ്യമല്ല.

യേശുവിന്റെ കൂടെ ശിഷ്യരുണ്ടായിരുന്നവെങ്കിലും അവരാരും അവന്റെ വേദന മനസ്സിലാക്കിയില്ല. ആരൊക്കെ മറന്നാലും മറക്കാതെ നമ്മെ മനസ്സിലാക്കി നമ്മോടൊത്തു എപ്പോഴും ഉണ്ടാകുമെന്നു നാം കരുതുന്നവർപോലും നമ്മെ ഉപേക്ഷിച്ചുപോകുമ്പോൾ അവരെ കുറ്റപ്പെടുത്താതെ സമചിത്തതയോടെ വിശ്വാസത്തിൽ നിലകൊള്ളുവാൻ കല്ലേറുദൂരം മാറിയുള്ള പ്രാർത്ഥന നമ്മെ സഹായിക്കും. ആരും തന്നെ നമ്മുടെ ഹൃദയവേദന അതിന്റെ പൂർണ്ണതയിൽ അറിയണമെന്നില്ല, അറിഞ്ഞാൽത്തന്നെ അവർ നമ്മോടൊപ്പം പ്രാർത്ഥനയിൽ ഒന്നാകണമെന്നില്ല. പ്രത്യേകിച്ച് ദൈവഹിതമനുസരിച്ച് നമ്മുടെ ജീവിതത്തെ ക്രമപ്പെടുത്തുവാൻ നാം പരിശ്രമിക്കുന്ന അവസരങ്ങളിൽ. എല്ലാം ജീവിത വിജയത്തിലേക്കു നയിക്കുമെന്നുണ്ടെങ്കിൽ നമ്മോടൊപ്പമായിരിക്കുവാൻ, വേണമെങ്കിൽ കൂടെയിരുന്നു പ്രാർത്ഥിക്കുവാൻ പോലും പല സുഹൃത്തുക്കളും കൂടിയെന്നുവരാം. എന്നാൽ ദൈവേഷ്ടത്തിനു പൂർണമായും കീഴ്പ്പെട്ടു ലോകത്തിന്റെ കണ്ണുകളിൽ വിജയം നേടാമായിരുന്ന പല പദ്ധതികളും സ്വർഗത്തെപ്രതി വേണ്ടെന്നു വെയ്ക്കുമ്പോൾ, നമ്മോടൊപ്പം ആരുമുണ്ടാവണമെന്നില്ല. നമ്മൾ എത്ര വിജയം കൊയ്തുവെന്നല്ല പിന്നെയോ നാമെത്ര വിശ്വസ്തരാണെന്നാണ് ദൈവം നോക്കുക. ഒരു കല്ലേറുദൂരം മാറി നാം പ്രാർത്ഥിക്കേണ്ടതും എപ്പോഴും ദൈവത്തോടുമാത്രം വിശ്വസ്തതയുള്ള ജീവിതം നയിക്കുവാനുള്ള കൃപയ്ക്കു വേണ്ടി മാത്രമാണ്.

## സന്യസ്തരുടെ നിയമങ്ങൾ

*"സന്യസ്തരുടെ നിയമങ്ങൾ ഒരു ഭാരമാണെന്നതിൽ ഒട്ടും സംശയമില്ല. പക്ഷേ, ആ ഭാരം പക്ഷികളുടെ ചിറകുപോലെയാണ്. അവ ഉപയോഗിച്ചാണ് നാം ദൈവസന്നിധിയിലേക്ക് പറന്നുയരേണ്ടത്".*
*- വിശുദ്ധ അൽഫോൻസ് ലിഗോരി*



# ക്രിസ്തുമസ്സിന്റെ കേന്ദ്രം - ഉണ്ണിയേശു തന്നെയാവട്ടെ

മരിയറ്റ് സാബു



ക്രിസ്തുവിന്റെ കുർബാന എന്ന് അർത്ഥം വരുന്ന പഴയ ഇംഗ്ലീഷിലെ ക്രിസ്റ്റെസ്, മെസ്സെ എന്നീ വാക്കുകൾ ലോപിച്ചതാണ് ക്രിസ്തുമസ്. A.D 350-മുതൽ ക്രിസ്തീയ സഭ ഡിസംബർ: 25-ന് തിരുപ്പിറവി ആഘോഷിക്കാൻ തുടങ്ങി. അതിനുമുമ്പ് ജ്ഞാനികൾ യേശുവിനെ സന്ദർശിച്ചതിന്റെയും ജോർദ്ദാൻ നദിയിൽവച്ച് യേശു ജ്ഞാനസ്നാനം സ്വീകരിച്ചതിന്റെയും അനുസ്മരണമായി ജനുവരി-6 നോ, 18-നോ ആചരിച്ചുപോന്നു. ഇന്നും ചില സഭകളിൽ പ്രത്യക്ഷീകരണ തിരുനാളായ ജനുവരി-6നോണ് ക്രിസ്തുമസ് ആഘോഷിക്കുന്നത്.

**പുൽക്കൂട്:** ''അവനെ പിള്ളക്കച്ചകൊണ്ടു പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തി'' (ലൂക്കാ. 2:7). വിശുദ്ധനാട് സന്ദർശിച്ച് തിരിച്ചെത്തിയ വി.ഫ്രാൻസിസ് അസീസ്സി- ഇറ്റലിയിലെ ഗ്രേച്ചിയോയിൽ, 1223-ലെ ക്രിസ്മസ് രാത്രി, ഗ്രോട്ടോപോലുള്ള ഗുഹയിൽ വൈക്കോൽ നിരത്തി ആദ്യത്തെ പുൽക്കൂട് നിർമ്മിച്ചു. മലപ്രദേശത്തുള്ള കർഷകരും, ഇടയന്മാരും, കാളകളെയും, കഴുതകളെയും

കൊണ്ടുവന്ന് പുൽക്കൂട്ടിൽ നിർത്തി. തൊഴുത്ത് എന്ന് തോന്നിപ്പിക്കുന്ന പുൽക്കൂട്ടിൽ ഉണ്ണിയേശുവിന്റെ രൂപം പ്രതിഷ്ഠിച്ചു. അന്നുമുതൽ ക്രിബ് നിർമ്മിക്കുന്ന പതിവ് യൂറോപ്പിൽ ആരംഭിച്ചു.

**ആദ്യ കരോൾ ഗാനം:** 18-ാം നൂറ്റാണ്ടിൽ ഇറ്റലിയിലാണ് ഇതിന് ആരംഭം. ''അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം! ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം!''(ലൂക്കാ. 2:14), എന്ന വചനത്തെ അനുസ്മരിപ്പിക്കുന്നതാണ് കരോൾ ഗാനം. നൃത്തസഹിതം ആലപിക്കുന്ന സന്തോഷത്തോടെയുള്ള മതാത്മകഗാനം എന്നാണ് കരോളിന്റെ അർത്ഥം. നാലാം നൂറ്റാണ്ടിൽ ജീവിച്ച ഹിലാരി പുണ്യവാൻ രചിച്ച 'സർവ്വ രാഷ്ട്രങ്ങളുടെയും പ്രകാശമായ യേശു' എന്നതായിരിക്കാം ആദ്യകരോൾ ഗാനം ആയി കരുതപ്പെടുന്നത്. ആട്ടിടയർക്ക് പ്രത്യക്ഷപ്പെട്ട ദൂതന്മാർ... ''ദൂതൻമാർ അവരെവിട്ട്, സ്വർഗത്തിലേക്കു പോയപ്പോൾ ആട്ടിടയൻമാർ പരസ്പരം പറഞ്ഞു: നമുക്ക് ബേത്‌ലെഹെംവരെ പോകാം. കർത്താവ് നമ്മെ അറിയിച്ച ഈ സംഭവം നമുക്കു കാണാം. അവർ അതിവേഗം പോയി മറിയത്തെയും ജോസഫിനെയും പുൽത്തൊട്ടിയിൽ കിടക്കുന്ന ശിശുവിനെയും കണ്ടു. അനന്തരം, ശിശുവിനെക്കുറിച്ച് തങ്ങളോടു പറയപ്പെട്ട കാര്യങ്ങൾ മറ്റുള്ളവരെ അവർ അറിയിച്ചു'' (ലൂക്കാ.2:15-17).

**ക്രിസ്മസ് ട്രീ:** 1605-ഡിസം:24-ന് ദക്ഷിണ ജർമ്മനിയെ സ്ട്രാസ് ബർഗ്ഗിൽ നിർമ്മിച്ച ക്രിസ്മസ് മരമാണ് ആദ്യത്തെ ക്രിസ്മസ് ട്രീ. പറുദീസായിലെ ജീവന്റെ വൃക്ഷത്തോട് ഉപമിച്ചതിനാൽ ഇത് 'പാരഡൈസ് ട്രീ' എന്നും അറിയപ്പെടുന്നു. ഏതൻ തോട്ടത്തെപ്പറ്റിയുള്ള വിവരണങ്ങളിൽ നാം ഇപ്രകാരം വായിക്കുന്നു: ''കാഴ്ചയ്ക്കു കൗതുകവും ഭക്ഷിക്കാൻ സ്വാദുമുള്ള പഴങ്ങൾ കായ്ക്കുന്ന എല്ലാത്തരം വൃക്ഷങ്ങളും അവിടുന്നു മണ്ണിൽനിന്നു പുറപ്പെടുവിച്ചു. ജീവൻെറ വൃക്ഷവും നന്മ-തിന്മകളെക്കുറിച്ചുള്ള അറിവിൻെറ വൃക്ഷവും തോട്ടത്തിൻെറ നടുവിൽ അവിടുന്നു വളർത്തി'' (ഉത്.2:9). ഇംഗ്ലണ്ടിൽ: പച്ചിലകളും, ചൊമന്ന ബറീപ്പഴങ്ങളുമുള്ള മുൾചെടിയാണ് ക്രിസ്മസ് ട്രീക്കുപകരം ആശംസാകാർഡുകളിൽ ചേർക്കാറുള്ളത്. ഇത് യേശുവിന്റെ പീഡാസഹനത്തെയും, കുരിശുമരണത്തെയും അതുവഴി മനുഷ്യകുലത്തിന് കൈവന്ന പാപമോചനത്തെയും, രക്ഷയേയും സൂചിപ്പിക്കുന്നതാണ്. മദ്ധ്യ അമേരിക്കയിൽ: അഗ്നിപോലെ ചൊമപ്പു നിറമുള്ള പൂവിന്റെ ആകൃതിയിലുള്ളതുമായ മുൾച്ചെടിയാണ് കാർഡുകളിൽ ചേർക്കുന്നത്.

**നക്ഷത്രം:** യേശുവിന്റെ ജനനസമയത്ത് ആകാശത്ത് പ്രത്യക്ഷപ്പെട്ട നക്ഷത്രത്തെ അനുസ്മരിച്ചുകൊണ്ട് വീടുകളിലും, ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും നാം നക്ഷത്രങ്ങൾ തൂക്കുന്നു. നക്ഷത്രം കണ്ടിട്ടാണ് ജ്ഞാനികൾ പൗരസ്ത്യ ദേശത്തുനിന്നും വന്നത്. ക്രിസ്തു തങ്ങളുടെ വീട്ടിൽ വന്നിരിക്കുന്നുവെന്ന സൂചനയാണ് ഈ നക്ഷത്ര വിളക്ക്. ''രാജാവു പറഞ്ഞതു കേട്ടിട്ട് അവർ പുറപ്പെട്ടു. കിഴക്കുകണ്ട നക്ഷത്രം അവർക്കുമുമ്പേ നീങ്ങിക്കൊണ്ടിരുന്നു. അതു ശിശു കിടക്കുന്ന സ്ഥലത്തിനു മുകളിൽ വന്നുനിന്നു. നക്ഷത്രം കണ്ടപ്പോൾ അവർ അത്യധികം സന്തോഷിച്ചു'' (മത്താ. 2:9-10).

**സാന്താക്ലോസ്:** ഏഷ്യാമൈനറിലെ (ടർക്കി) ലിഡിയായിൽ ജീവിച്ചിരുന്ന മീറായിലെ മെത്രാനായ നിക്കോളാസ് പുണ്യാളനാണ് ക്രിസ്മസ് പപ്പാ എന്നറിയപ്പെടുന്ന സാന്താക്ലോസ്. കുട്ടികൾക്ക് അദ്ദേഹം രഹസ്യമായി സമ്മാനപ്പൊതികൾ വീടുകളിൽ വയ്ക്കുമെന്നാണ് ഐതിഹ്യം. വിവാഹപ്രായമെത്തിയ മൂന്ന് പാവപ്പെട്ട പെൺകുട്ടികൾക്ക് അവരറിയാതെ അദ്ദേഹം ജനലിൽ കൂടി സ്വർണ്ണനാണയ കിഴികൾ കൊടുത്തു സഹായിച്ചുവെന്ന കഥയും സാന്താ ക്ലോസിനു പിന്നിലുണ്ട്. ഈ വിശുദ്ധന്റെ തിരുനാൾ ദിനമായ ഡിസം. 6-ന് കുട്ടികൾക്ക് സമ്മാനപ്പൊതികൾ നൽകുന്ന ഹോളണ്ടിലെ ആചാരമാണ് പിന്നീട് സാന്താക്ലോസായി പരിണമിച്ചത്. ''എന്തെന്നാൽ എനിക്കു വിശന്നു; നിങ്ങൾ ഭക്ഷിക്കാൻ തന്നു. എനിക്കു ദാഹിച്ചു; നിങ്ങൾ കുടിക്കാൻ തന്നു. ഞാൻ പരദേശിയായിരുന്നു; നിങ്ങൾ എന്നെ സ്വീകരിച്ചു'' (മത്താ.25:35). ''എൻെറ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തുതന്നത്''(മത്താ.25:40).

**ക്രിസ്മസ് കാർഡ്:** 1843-ൽ ഇംഗ്ലണ്ടിലെ റോയൽ അക്കാദമിയിലെ ജോൺ കൽക്കോട്ട്, വിക്ടോറിയ ആൽബെർട്ട് മ്യൂസിയത്തിന്റെ പ്രഥമ ഡയറക്ടറായ സർ ഹെൻട്രി കോളിന്റെ ആവശ്യപ്രകാരം പോസ്റ്റ് കാർഡ് വലിപ്പത്തിൽ ക്രിസ്തുമസ് ചിത്രങ്ങൾ വരച്ച് അതിൽ 'എ മെറി ക്രിസ്മസ് ആന്റ് ന്യൂ ഇയർ ടു യൂ' എന്ന് എഴുതിവച്ചു. അത് അദ്ദേഹം തന്റെ സുഹൃത്തുക്കൾക്ക് അയച്ചുകൊടുത്തു. ഇതാണ് ക്രിസ്തുമസ് കാർഡിന്റെ ഉത്ഭവം.

**തിരികൾ:** ക്രിസ്തുമസ് കാർഡിൽ തിരികൾ ചേർക്കാറുണ്ട്. അതുപോലെ ഡിസം.1-മുതൽ-25-വരെ വീടുകളിൽ കൊളുത്തുന്ന തിരികൾ നിർമ്മലവും, പ്രകാശപൂരിതവുമായ ഹൃദയത്തിന്റെ ചിഹ്നങ്ങളായി കണക്കാക്കുന്നു. ഐയർലണ്ട്, ഓസ്ത്രിയ തുടങ്ങിയ രാജ്യങ്ങളിൽ വീടിന്റെ മുമ്പിലുള്ള ജനൽപ്പടികളിൽ തിരികൾ കത്തിച്ച് വയ്ക്കുന്ന ഒരു പതിവുണ്ട്. അത് പ്രകാശമായി അവതരിച്ച യേശുവിനെ പ്രതിനിധാനം ചെയ്യുന്നു. പ്രസവ സമയത്ത് മറിയത്തിനും, യൗസേപ്പിനും ബേത്‌ലഹേമിലെ ഭവനങ്ങളിലും, സത്രങ്ങളിലും ഇടം ലഭിച്ചില്ലാ എന്ന കാര്യം കൂടി ഈ തിരികൾ ഓർമ്മിപ്പിക്കുന്നു.''പേരെഴുതിക്കാനായി ഗലീലിയിലെ പട്ടണമായ നസറത്തിൽനിന്നു യൂദയായിൽ ദാവീദിന്റെ പട്ടണമായ ബേത്‌ലെഹെമിലേക്ക് ഗർഭിണിയായ ഭാര്യ മറിയത്തോടുകൂടെ പോയി. അവിടെയായിരിക്കുമ്പോൾ അവൾക്കു പ്രസവസമയമടുത്തു. അവൾ തന്റെ കടിഞ്ഞൂൽപുത്രനെ പ്രസവിച്ചു. അവനെ പിള്ളക്കച്ചകൊണ്ടു പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തി. കാരണം, സത്രത്തിൽ അവർക്കു സ്ഥലം ലഭിച്ചില്ല''(ലൂക്കാ.2:5-7). അതോടൊപ്പം ഈ തിരികൾ വഴി അപരിചിതരായവരെയും ഈ സദ്വാർത്തയിലേക്ക് നാം സ്വാഗതം ചെയ്യുന്നു.

ക്രിസ്മസ് ആഘോഷത്തിലേക്ക് നാം എത്തിനിൽക്കുമ്പോൾ എങ്ങനെ..? എന്തിന്...? ഓരോ കാര്യങ്ങൾ ആരംഭിച്ചു..., ഇന്ന് നാം എവിടെ എത്തിനിൽക്കുന്നുവെന്ന് ചിന്തിക്കുന്നത് നല്ലതാണ്.

ഓരോ ആചാരങ്ങളുടെയും, ആഘോഷങ്ങളുടെയും അർത്ഥം അറിഞ്ഞുകൊണ്ട്; അതിന്റെ പരിശുദ്ധിക്കു ചേർന്ന വിധം ക്രിസ്തുമസ്സ് ആഘോഷിക്കാം.





# ജ്ഞാനിയും നക്ഷത്രവും

**റവ. ഡോ. നോബിൾ മണ്ണാറാത്ത് CMF**

ദൈവസുതനായ യേശുവിന്റെ ജനനത്തെ തുടർന്ന് യൂദയായിലെ ബേത്ലെഹെമിലെത്തുന്ന കിഴക്കുനിന്ന് വന്ന ജ്ഞാനികളെയും, അവരുടെ ജീവിതയാത്രയിലും, ശിശുവിന്റെയടുക്കലും നടക്കുന്ന സംഭവങ്ങളെയുമാണ് മത്തായി സുവിശേഷകൻ 2-ാം അധ്യായത്തിന്റെ ആദ്യഭാഗത്ത് വിവരിക്കുന്നത് (മത്താ.2:1-2). ചരിത്രവും കാല്പനികതയും മനോഹരമായി കൂടികലർന്ന ഒരു സുവിശേഷഭാഗമായി ഈ തിരുപ്പിറവിയുടെ സംഭവങ്ങളെ നോക്കികാണുന്നവരുണ്ടെങ്കിലും, ആലങ്കാരികമായി ദൈവികയാഥാർത്ഥ്യങ്ങൾ അനാവരണം ചെയ്യുകയാണ് ഈ ബൈബിൾ ഭാഗത്തിന്റെ ആത്യന്തികമായ ലക്ഷ്യം. അതോടൊപ്പം തന്നെ, യേശുവിന്റെ ജനനത്തെ അന്നത്തെ സാമൂഹികവും, രാഷ്ട്രീയവും, മതപരവുമായ സംഭവങ്ങളുമായി ബന്ധിപ്പിച്ചു കാണിക്കുവാനും സുവിശേഷകൻ ശ്രദ്ധിക്കുന്നു. റോമാ ചക്രവർത്തിയുടെ സാമന്തരാജാവായ ഹേറോദോസ് യൂദാ രാജാവായി (374 BC) ജറുസലേമിൽ വാണിരുന്നപ്പോൾ ആണ് ജ്ഞാനികളുടെ സന്ദർശനം സംഭവിക്കുന്നത്. ക്രിസ്തുവർഷത്തിന് മുൻപ് 5-ാം വർഷത്തിന്റെ അവസാനമോ, 4-ാം വർഷത്തിന്റെ ആരംഭത്തിലോ ആണ് യേശുവിന്റെ ജനനം സംഭവിക്കുന്നത് എന്നാണ് പൊതുവേ കരുതപ്പെടുന്നത്.

ക്രിസ്തുവർഷം 225-ഓടുകൂടി മരണമടഞ്ഞ സഭാപിതാവായ തെർത്തുല്യന്റെ കാലം മുതലാണ് ഈ ജ്ഞാനികളായ സന്ദർശകരെ രാജാക്കന്മാരായോ, പ്രഭുസ്ഥാനീയരായ ഉന്നത വ്യക്തികളെയോ പരിഗണിക്കുവാൻ തുടങ്ങുന്നത്. അതിന് ഉപോത് ബലകമായി, രാജാക്കന്മാർ മിശിഹായുടെ സന്നിധിയിലേക്ക് അണയുമെന്നും, കാഴ്ചകൾ സമർപ്പിക്കുമെന്നും പരാമർശമുള്ള പഴയനിയമഭാഗങ്ങളും (സങ്കീ. 68:29, 31;

72:10-11; ഏശയ്യ. 49:7; 60:1-6) ചൂണ്ടികാണിക്കുന്നു. എന്നാൽ, ഈ ജ്ഞാനികൾ പൗരസ്ത്യദേശത്തുനിന്നു വന്ന രാജാക്കന്മാരായിരുന്നില്ല, പിന്നെയോ പഠനവും, ജ്ഞാനവുമുള്ള വിജാതീയ പുരോഹിതരോ, ദാർശി നികരോ, ദീർഘദർശികളോ ആയിരിക്കുവാനാണ് കൂടുതൽ സാധ്യത എന്ന് പലരും കരുതുന്നു. വിജാ തീയ ലോകത്തിന്റെയും വംശീയ വൈവിധ്യത്തി ന്റെയും പ്രതിനിധികളായി പൗരസ്ത്യദേശത്തുനിന്ന് വന്ന ഇവരുടെ പേരുകൾ ഗെസ്പാർ, ബൽത്താസർ, മെൽക്കിയോർ എന്നാണെന്നും പാശ്ചാത്യ സഭയിലെ പാരമ്പര്യവാദികൾ സൂചിപ്പിക്കുന്നുണ്ട്. മെസൊ പ്പൊട്ടോമിയ, പേർഷ്യ, കിഴക്കൻ സിറിയാ, അറേബ്യ എന്നീ ദേശങ്ങളൊക്കെ പൊതുവേ പൗരസ്ത്യ നാടുകളായി അന്ന് പരിഗണിക്കപ്പെട്ടിരുന്നു. അതു പോലെ തന്നെ, നൂറ്റാണ്ടുകൾക്കുമുൻപ് യൂദയായിൽ നിന്നും, ഇസ്രായേലിൽ നിന്നും നാടു കടത്ത പ്പെട്ടവരായി പൗരസ്ത്യനാടുകളിൽ കഴിഞ്ഞിരുന്ന യഹൂദരായിരുന്നു ഈ ജ്ഞാനികളെന്നും വാദി ക്കുന്നവരും ഉണ്ട്.

യഹൂദന്മാരുടെ രാജാവും, രാജകീയ മിശിഹായും, യഹൂദജനത്തെ റോമാ അധീനതയിൽ നിന്നും വിമോ ചിപ്പിക്കുന്നവനുമായിട്ടായിരുന്നു ദിവ്യ പൈതലിന്റെ ജനനത്തെ പൊതുവേ പ്രവാചക ഗ്രന്ഥങ്ങളിൽ പരാമർ ശിച്ചിരുന്നത്. ദിവ്യപൈതലിന്റെ സന്നിധിയിലേക്ക് ജ്ഞാനികളെനയിച്ച നക്ഷത്രം പൗരാണിക മതഗ്ര ന്ഥങ്ങളിലെ ഒരു സവിശേഷഘടകമായിരുന്നു (സംഖ്യ 22-24). ഇവിടെ പരാമർശിക്കുന്ന നക്ഷത്രം ചരിത്ര പരമായ വസ്തുതയാണെങ്കിൽ, ഒരു ധൂമകേതുവോ, അത്യുഗ്രപ്രകാശമുള്ള നക്ഷത്രമോ, ഗ്രഹങ്ങളുടെ സംയോഗമോ, നക്ഷത്ര സമൂഹമോ, അഥവാ പ്രത്യേകമായി സൃഷ്ടിക്കപ്പെട്ട് അതുല്യമായ നക്ഷത്രമോ, പ്രാപഞ്ചിക അടയാളമോ മറ്റോ ആകാൻ സാധ്യതയുണ്ട്. പക്ഷെ ജ്ഞാനികളെ സംബന്ധിച്ചു കിഴക്കുകണ്ട നക്ഷത്രം ഒരു രാജാവിന്റെ ജനനത്തെ സൂചിപ്പിക്കുന്ന ദൈവിക അടയാളമായിരുന്നു. വേറൊരുവാക്കിൽ പറഞ്ഞാൽ, ദൈവം തന്റെ സൃഷ്ടിയുടെ അടയാളത്തിലൂടെ ജ്ഞാനികളെ ദിവ്യ പൈതലിന്റെ സന്നിധിയിൽ എത്തിക്കുകയാണ് ചെയ്യുന്നത്. നക്ഷത്രവഴിയിലൂടെ ദൈവം ജ്ഞാ നികളെ വിളിക്കുകയും ബേത്ലെഹെമിലേക്ക് നയിക്കുകയും ചെയ്യുന്നു. ബേത്ലെഹെം, ദാവീദിന്റെ സ്വന്തം നഗരവും, ദാവീദിന്റെ പൂർവ്വികയായ റൂത്തിന്റെ പട്ടണവും (റൂത്ത് 1:1-4), ദാവീദിന്റെ പിൻതലമുറക്കാർ (1 സാമു.16;17:12) വസിച്ച ഇടവുമായിരുന്നു. ഈ പട്ടണം, ഹേറോദോസ് രാജാവിന്റെ മഹത്നഗരമായ ജറുസലേമിൽ നിന്നും ആറ് മൈൽ ദൂരത്തായിരുന്നു. ജ്ഞാനികൾ ദിവ്യപൈതലിന്റെ സന്നിധിയിൽ എത്തുന്നത് ശിശുവിന്റെ ജനനസമയത്തായിരി ക്കണമെന്നില്ല; പിന്നെയോ മാസങ്ങൾ കഴിഞ്ഞതിന് ശേഷമായിരിക്കണം.

മത്തായി 2: 1-12-ന്റെ ഒരു ആത്മീയ പുനർവായന മത്തായിയുടെ സുവിശേഷത്തിൽ കാണുന്ന ജ്ഞാനി യുടെയും നക്ഷത്രത്തിന്റെയും കഥ ഒരു ആത്മീയവും അജപാലനപരവുമായ കാഴ്ചപ്പാടിലൂടെയും, ഒപ്പം ജ്ഞാനികളുടെ നയനങ്ങളിലൂടെയും ഇവിടെ കാണാൻ പരിശ്രമിക്കാം. കിഴക്കുദേശത്തു വസിച്ചി രുന്ന ജ്ഞാനികൾ, എങ്ങനെ ഒരു സവി ശേഷമായ നക്ഷത്രം കണ്ടുവെന്നും, അവയെ പഠിച്ച്, അവകാണി ച്ചുതന്ന പാത പിന്തുടർന്ന് എപ്രകാരം ദിവ്യപൈ തലിന്റെ അടുക്കൽ പാലസ്തീനായിലെ ബെത്ലെ ഹെമിൽ എത്തിയെന്നും, യഹൂദന്മാരുടെ രാജാവായി ജനിച്ച ശിശുവിനെ കണ്ട് ആരാധിച്ചു മടങ്ങിയെന്നും ഈ കഥ വിവരിക്കുകയാണ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, ജ്ഞാനികൾ എപ്രകാരം ദിവ്യ പൈത ലിന്റെയടുക്കലെത്തിയെന്നും, പൊന്നുണ്ണിയെക്കണ്ടു വെന്നും, വ്യക്തിപരവും, ആഴവുമായ ഒരു മിശിഹാനുഭവവും ദൈവത്തെ കണ്ടുമുട്ടലും സംഭവിച്ചുവെന്നും ഈ സുവിശേഷ ഭാഗം സവിസ്തരം പരാമർശിക്കുന്നു.

**(1). ജ്ഞാനികൾ:** ഈ സംഭവങ്ങളിലൂടനീളം കേന്ദ്ര കഥാപാത്രങ്ങളായി നാം കാണുന്നത് പൗരസ്ത്യ ദേശത്തുനിന്ന് പാലസ്തീനായിൽ എത്തിയ ജ്ഞാനികളാണ്. ആരാണ് ഈ ജ്ഞാനികൾ? ബൈ ബിളിൽ ജ്ഞാനികളെപ്പറ്റി എന്താണ് പറയുന്നത്? സങ്കീർത്തനം 53:2-ൽ ഇപ്രകാരം നാം വായിക്കുന്നു: ''ദൈവം സ്വർഗ്ഗത്തിൽ നിന്ന് മനുഷ്യമക്കളെ നോക്കുന്നു, ദൈവത്തെ നേടുന്ന ജ്ഞാനികളുണ്ടോ എന്ന് അവിടുന്ന് ആരായുന്നു.'' ദൈവോത്സുകരും ദൈ വാന്വേഷികളുമായ മനുഷ്യരെയാണ് ബൈബിൾ ജ്ഞാനികളായി കരുതുന്നത്. അതോടൊപ്പം, ദൈവിക ജ്ഞാനമുള്ളവരും, ജ്ഞാനത്താൽ നയിക്കപ്പെടു ന്നവരുമാണ് യഥാർത്ഥ ജ്ഞാനികൾ, കാരണം, ജ്ഞാനം ദൈവിക ദാനവും വരവുമാണല്ലോ.

മത്തായി സുവിശേഷത്തിൽ 2-ാം അദ്ധ്യായത്തിൽ ക്കാണുന്ന 'ജ്ഞാനികൾ' ദൈവോന്മുകരും, ദൈവത്തെ അന്വേഷിക്കുന്നവരും, ഉന്നതങ്ങളിലേക്ക് ദൃഷ്ടിപതിപ്പിച്ചവരുമായിരുന്നു. പൗരസ്ത്യദേശ ത്തു നിന്ന് വന്ന ജ്ഞാനികൾ, ഏറെ ജ്ഞാനവും, വിവേ കവുമുള്ളവരായിരുന്നതുകൊണ്ടാണ്, നക്ഷത്രങ്ങളാൽ നിബിഡമായ ആകാശവിതാനത്ത് ദൈവിക അടയാ ളമായി പ്രത്യക്ഷപ്പെട്ട വിത്യസ്തമായ ഒരു നക്ഷ ത്രത്തെ കാണാനും തിരിച്ചറിയാനും സാധിച്ചത്. മറ്റുമനുഷ്യരെല്ലാം തങ്ങളിലേക്കും, ലോകത്തിലേക്കും, ലൗകിക കാര്യങ്ങളിലേക്കും മാത്രം ശ്രദ്ധപതി പ്പിച്ചിരുന്നപ്പോൾ, ഈ ജ്ഞാനികൾ ദൈവോന്മുഖരും, ഉന്നതമായ ക്രാന്തദർശനം ഉള്ളവരും, ദൈവീക കാര്യ ങ്ങളിൽ മാത്രം ശ്രദ്ധപതിപ്പിച്ചവരുമായിരുന്നു. യേശുവിന്റെ ജനനത്തിൽ കിഴക്കുദിച്ച നക്ഷത്രം എല്ലാ ജനത്തിനുമായിട്ടാണ് പ്രത്യക്ഷപ്പെട്ടതെങ്കിലും, ഏതെ ങ്കിലും യഹൂദ പുരോഹിതനോ, ഫരിസേയനോ, നിയമ ജ്ഞനോ, അതു കാണുകയോ ശ്രദ്ധിക്കുകയോ ചെയ്തില്ല. കാരണം, അവരെല്ലാം സ്വാർത്ഥ താല് പര്യത്തിലും ലൗകികവ്യഗ്രതയിലും ജീവിക്കു കയായിരുന്നു. കൂടാതെ, ഉന്നതമായ ദർശനമോ, ദൈ വികമായ ജ്ഞാനമോ അവരിൽ ഉണ്ടായിരുന്നുമില്ല.

**(2). നക്ഷത്രം:** കിഴക്കു പ്രത്യക്ഷപ്പെട്ട 'നക്ഷത്രം' കണ്ടതുമുതലാണ് ജ്ഞാനികൾ തങ്ങളുടെ ദൈ വാന്വേഷണ യാത്രയും, മിശിഹായെ കണ്ടുമുട്ടാനുള്ള പ്രയത്നവും സവിശേഷമായി ആരംഭിക്കുന്നത്. ആകാശത്ത് പ്രത്യക്ഷപ്പെട്ട ആ നക്ഷത്രം, ജ്ഞാ നികൾക്ക് സ്വർഗ്ഗീയമായ ഒരടയാളമായിരുന്നു; ദൈവാന്വേഷണ ജീവിതയാത്രയിൽ ഉത്തേജനവും പ്രോത്സാഹനവുമായ ദൈവീകസാന്നിദ്ധ്യമായിരുന്നു. അനേകം നക്ഷത്രങ്ങൾക്കും, അടയാളങ്ങൾക്കുമി ടയിൽ രക്ഷകനായ ദൈവത്തിന്റെ അടയാളമായ 'നക്ഷ ത്രത്തെ' തിരിച്ചറിയുവാൻ ജ്ഞാനികൾക്ക് സാധിച്ചു;



ഉള്ളിലെ ദൈവികജ്ഞാനം അതിന് അവരെ സഹായിച്ചു. ഇന്നും ആത്മീയ-ക്രിസ്തീയ ജീവിതത്തിൽ, നമ്മെ നയിക്കാനും നടത്താനുമായി വ്യക്തികളും, വസ്തുക്കളും, അനുഭവങ്ങളും, ബോധ്യങ്ങളും, വിജയങ്ങളും, പരാജയങ്ങളും, സന്തോഷവും, സഹനങ്ങളും ഒക്കെ ആയി പല നക്ഷത്രങ്ങളെയും ദൈവം നമുക്ക് നൽകുന്നുണ്ട്. അപ്രകാരമുള്ള ദൈവിക അടയാളങ്ങളെ തിരിച്ചറിയുമ്പോഴും അവയുടെ പ്രകാശത്തിൽ ചരിക്കുമ്പോഴുമാണ് ക്രിസ്തീയജീവിതത്തിന് അർത്ഥമുണ്ടാകുന്നതും, ദൈവോന്മുഖജീവിതം ഫലപ്രാപ്തിയിൽ എത്തിച്ചേരുന്നതും.

**(3). യാത്രക്കിടയിലെ പ്രതിസന്ധികൾ:** ജ്ഞാനികളുടെ മാസങ്ങൾ നീണ്ട യാത്രയിൽ ക്ലേശങ്ങളും പ്രയാസങ്ങളും അവർക്ക് അഭിമുഖീകരിക്കേണ്ടിവന്നു. ഏറ്റവും വലിയ പ്രതിസന്ധി ജറുസലേമിൽ എത്തിയപ്പോൾ ആയിരുന്നു. ദൈവിക അടയാളത്തെക്കാൾ ഉപരിയായി മാനുഷിക തോന്നലുകൾക്കും അറിവിനും അവർ ഒരു നിമിഷം മുൻഗണന നല്കി. യഹൂദരുടെ രാജാവ് രാജകൊട്ടാരത്തിലായിരിക്കും ജനിക്കുക എന്ന് മാനുഷികമായി കരുതി, അവർ ഹേറോദേസിന്റെ കൊട്ടാരത്തിൽ പ്രവേശിച്ചു. എന്നാൽ, അവരുടെ സാന്നിദ്ധ്യവും വാക്കുകളും, യഹൂദരുടെ രാജാവിന്റെ ജനനവാർത്തയും, രാജാവിലും കൊട്ടാരവാസികളിലും ജറുസലേം മുഴുവനിലും, പരിഭ്രാന്തിയും അസ്വസ്ഥതയും നൽകാൻ കാരണമായി. ആത്മീയ വ്യക്തികളും ദൈവാന്വേഷകരും ദൈവത്തെമറന്ന്, തങ്ങളുടെ ജീവിത ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ച്, സുഖത്തിലും ലൗകികവ്യഗ്രതയിലും അഭിരമിച്ചാൽ ഏവർക്കും അസ്വസ്തതയ്ക്കും പ്രതിസന്ധിക്കും കാരണമാകും. ദൈവം അടയാളമായി നൽകിയ നക്ഷത്രം തന്നെ കൂടെയുണ്ടായിരുന്നിട്ടും ജ്ഞാനികൾക്ക് വഴി തെറ്റുകയും വഴിമുട്ടുകയും ചെയ്തു. എന്നാൽ ലൂക്കാ. 2:8-18-ൽ പരാമർശിക്കുന്ന ലാളിത്യവും ദാരിദ്ര്യവും കൈമുതലുണ്ടായിരുന്ന ആട്ടിടയർക്ക് പുൽക്കുട്ടിലേക്കുള്ള വഴി തെറ്റിയില്ല എന്ന് നമുക്ക് കാണുവാൻ സാധിക്കും.

**(4). ഹേറോദേസും ജറുസലെമും:** ഈശോ ജനിക്കാൻ തിരഞ്ഞെടുത്തത് ലളിതമായ ബേത്‌ലെഹെമായിരുന്നെങ്കിൽ, ഹേറോദേസ് രാജാവ് വാണിരുന്നത് ഇസ്രായേലിലെ പ്രൗഢഗംഭീരമായ ജറുസലേം നഗരത്തിലായിരുന്നു. പാലസ്തീനായെ അടക്കി ഭരിച്ചിരുന്ന ഹേറോദേസ് ക്രൂരനും ഭ്രാന്തനുമായ ഒരു സ്വേച്ഛാധിപതി ആയിരുന്നു. തന്റെ അധികാരത്തിന് ഭീഷണിയായവരെ നിഷ്ക്കരുണം കൊലചെയ്യുന്നവനുമായിരുന്നു അദ്ദേഹം. യഹൂദരുടെ രാജാവും, വിമോചകനുമായി ഒരു ശിശു ബെത്‌ലെഹെമിൽ ജനിച്ചു എന്ന് ജ്ഞാനികളിലൂടെ അറിയുകയും, തന്റെ പ്രധാനപുരോഹിതനിലൂടെയും നിയമജ്ഞരിലൂടെയും സ്ഥിരീകരിക്കപ്പെടുകയും ചെയ്തപ്പോൾ, എങ്ങനെയും ആ ദിവ്യപൈതലിനെ ഇല്ലാതാക്കണം എന്ന് ഹേറോദേസ് തീരുമാനം എടുക്കുകയും

ചെയ്യുന്നു. രാജാവിന്റെ ക്രൂരതയുടെ സ്വഭാവം അറിയാമായിരുന്നതിനാൽ ആണ് കൊട്ടാരവാസികളും നഗരം മുഴുവനും അസ്വസ്ഥരാകുന്നതായി സുവിശേഷത്തിൽ പരാമർശിക്കുന്നത്.

**(5). ശിശുവിനെ അമ്മയായ മറിയത്തോടുകൂടി കാണുന്നു:** രാജകൊട്ടാരത്തിനുവെളിയിൽ വന്നപ്പോൾ, വീണ്ടും കിഴക്കുകണ്ട നക്ഷത്രത്തെ കാണുകയും, ജ്ഞാനികൾ അത്യധികം സന്തോഷിക്കുകയും പ്രയാണം തുടരുകയും ചെയ്തു. ശിശു കിടക്കുന്ന സ്ഥലത്തിനുമീതെ നക്ഷത്രം വന്നു നിന്നപ്പോൾ അവർ തിടുക്കത്തിൽ ''ഭവനത്തിൽ പ്രവേശിച്ച് ശിശുവിനെ അമ്മയായ മറിയത്തോടുകൂടി കാണുകയും അവനെ കുമ്പിട്ടാരാധിക്കുകയും ചെയ്തു''. 'കാണുക' എന്ന് ബൈബിളിൽ വിവക്ഷിക്കുമ്പോൾ, അതിന് 'അറിയുക', 'അനുഭവിക്കുക' എന്നുകൂടി അർത്ഥതലങ്ങൾ ഉണ്ട്. അതുകൂടാതെ, ജ്ഞാനികളുടെ ശിശുവുമായുള്ള കണ്ടുമുട്ടലും ആരാധനയും സംഭവിക്കുന്നത് മറിയത്തോടുകൂടിയാണ് എന്ന് പറയുമ്പോൾ മരിയ ശാസ്ത്രത്തിന്റെ തെളിവാർന്ന ഒരു പ്രതിഫലനവും ഇവിടെ കാണാവുന്നതാണ്. യഥാർത്ഥ ക്രിസ്തീയ ആദ്ധ്യാത്മികതയിൽ, മറിയത്തിന് സുവ്യക്തമായ പ്രാധാന്യമുണ്ട്; കൂടാതെ, മാതാവിനെ മാറ്റി നിർത്തിക്കൊണ്ട് ക്രിസ്താനുഭവവും ഈശോയെ കണ്ടുമുട്ടലും ക്ലേശകരവുമാണ്.

ജ്ഞാനികൾ ദിവ്യപൈതലിനെക്കാണുന്നത് 'അപ്പത്തിന്റെ ഭവനം' എന്നർത്ഥമുള്ള 'ബേത്‌ലെഹെമി'ൽ ആണ്. ജീവന്റെ 'അപ്പമായി' മാറാനുള്ളവൻ അപ്പത്തിന്റെ ഭവനത്തിൽ ജനിക്കുന്നു എന്നതും അവിടെ ദിവ്യപൈതലിനെ കണ്ടുമുട്ടുന്നു എന്നതും ഏറെ പ്രസക്തമാണ്. അങ്ങനെ ലോകത്തിന്റെ അനുഗ്രഹവും ജീവന്റെ അപ്പവുമായവനെ കണ്ടുമുട്ടുന്നതു വഴി ജ്ഞാനികൾ തങ്ങളുടെ ജീവിതയാത്രയുടെ ഫലസമാപ്തിയിൽ എത്തുകയാണ്.

**(6). രാജാധിരാജനോടുള്ള ആരാധനയും അർപ്പണവും:** വ്യക്തിപരവും ആനന്ദകരവുമായ ദൈവാനുഭവും, മിശിഹായെ കണ്ടുമുട്ടലും, കിഴക്കുനിന്നെത്തിയ ജ്ഞാനികളെ ദിവ്യപൈതലിന്റെ മുൻപിൽ മുട്ടുകുത്തി കുമ്പിട്ടാരാധിക്കാൻ, ഏറ്റം തിടുക്കത്തിൽ പ്രേരിപ്പിച്ചു. ദൈവത്തിന് ഏറ്റവും ഉചിതമായ ഉപാസനയും ആരാധനയും അർപ്പിക്കുക എന്നത് ദൈവത്തെ കണ്ടുമുട്ടുന്ന ഏതൊരു ദൈവാന്വേഷകന്റെയും സത്യസന്ധമായ മനോഭാവവും സമീപനവുമാണ്. ജ്ഞാനികൾ ദിവ്യപൈതലിനെ കുമ്പിട്ടാരാധിച്ചു എന്നതിലൂടെ ഈ ശിശു വെറുമൊരു ഭാവി രാജാവ് മാത്രമല്ല, സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും അധിപനും കർത്താവുമായ ദൈവകുമാരൻ തന്നെയാണെന്ന് ഉറക്കെ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. ദൈവാനുഭവും ദിവ്യപൈതലിന്റെ കണ്ടുമുട്ടലും, ഉപാസനയിലും ദൈവാരാധനയിലും അവസാനിക്കുകയല്ല, പിന്നെയോ, അമൂല്യമായ സമ്മാനങ്ങളുടെ കാഴ്ചവെയ്പ്പിനും വ്യക്തിപരമായ സമർപ്പണത്തിനും ജ്ഞാനികളെ പ്രേരിപ്പിക്കുകയാണ്. ജീവിതത്തിന്റെയും ഹൃദയത്തിന്റെയും പ്രതീകമായി അവരുടെ 'നിക്ഷേപ പാത്രങ്ങൾ' തുറന്ന് പൊന്നും, കുന്തിരിക്കവും, മീറയും തിരുസന്നിധിയിൽ അവർ കാഴ്ചയർപ്പിച്ചു.

സാധാരണയായി കണ്ടുവരുന്നതും, പ്രത്യേകമായി പൗരസ്ത്യദേശത്ത് അനുവർത്തിക്കുന്നതുമായ ഒരു പൊതുആചാരം ആയിരുന്നു രാജകീയ കുടുംബാംഗങ്ങളെയോ, ഉന്നതജാതരെയോ സന്ദർശിക്കുമ്പോൾ വിലയേറിയ സമ്മാനങ്ങൾ കാഴ്ചനൽകുക എന്നത്. പൊന്ന് ക്രിസ്തുവിന്റെ രാജ്യത്വത്തിന്റെ പ്രതീകവും, കുന്തിരിക്കം ദൈവത്വത്തിന്റെ പ്രതീകവും, മീറ തന്റെ രക്ഷാകര സഹനത്തിന്റെയും പ്രതീകമായിട്ടാണ് പൊതുവേ കരുതുക. ആത്മീയ കാഴ്ചപ്പാടിൽ ജ്ഞാനികളുടെ കാഴ്ചകളായ പൊന്നും മീറയും കുന്തിരിക്കവും, ശരീരം മനസ്സ് ആത്മാവ് ഇവയുടെ പ്രതീകമായും, സമർപ്പണ ജീവിതത്തിൽ ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നിവയുടെ പ്രതീകമായും, ചിലപ്പോൾ കാണാവുന്നതാണ്. വേറൊരു വാക്കിൽ പറഞ്ഞാൽ, ജ്ഞാനികൾ തങ്ങളുടെ നിക്ഷേപ പാത്രങ്ങൾ തുറന്ന് അമൂല്യമായ കാഴ്ചകൾ അർപ്പിച്ചു എന്നതിലൂടെ, തങ്ങളെയും ഞങ്ങൾക്കുള്ളതിനെയും, തങ്ങളുടെ ജീവിതത്തിന്റെ എല്ലാ മൂല്യത്തോടും സമ്പന്നതയോടുംകൂടി തിരുസന്നിധിയിൽ സമ്പൂർണ്ണ സമർപ്പണം നടത്തി എന്ന് വിവക്ഷിക്കാവുന്നതാണ്; ഇനി മറ്റാർക്കും തങ്ങളെയും തങ്ങളുടെ സമ്പത്തിനെയും സമർപ്പിക്കാനില്ല എന്ന മനോഭാവത്തോടെ.

**(7). ദൈവിക സ്വപ്നവും 'മറ്റൊരു വഴിയും':** ജ്ഞാനികൾ ദാവ്യപൈതലിനെ കാണുകയും, മുമ്പിൽ കുമ്പിട്ടാരാധിക്കകയും, കാഴ്ചകൾ സമർപ്പിക്കുകയും ചെയ്തപ്പോൾ മാത്രമാണ് അവർക്ക് ദൈവികസ്വരവും ദർശനവും സ്വപ്നത്തിലൂടെ ലഭിക്കുന്നത്. ജ്ഞാനികളുടെ സുദീർഘവും ക്ലേശകരവുമായ യാത്രയിൽ ഒരിക്കൽപോലും, ദൈവികദർശനമോ, മറ്റ് ഇടപെലുകളോ അവർക്ക് ലഭിച്ചിരുന്നില്ല എന്ന് ഇവിടെ നാം ഓർക്കേണ്ടതുണ്ട്. ക്രിസ്തീയ ജീവിതത്തിലും ആത്മീയ പരിശ്രമങ്ങളിലും ദൈവത്തിന്റെ ഇടപെടലുകളും, സ്വർഗ്ഗത്തിന്റെ മാർഗ്ഗനിർദ്ദേശവും, ആത്മീയ സാന്ത്വനം പോലും, ചിലപ്പോൾ അവസാനഘട്ടങ്ങളിൽ മാത്രമെ ലഭിക്കുകയുള്ളൂ. ജ്ഞാനികൾക്ക് സ്വദേശത്തേക്ക് മടങ്ങിപ്പോകുവാൻ 'മറ്റൊരുവഴി' കാണിച്ചുകൊടുക്കുവാനായിട്ടാണ് ദൈവികദർശനം അവർക്ക് ലഭിക്കുന്നത്. പരിചിതമായ വന്ന വഴി അല്ല അപരിചിതമായ മറ്റൊരു പുതിയവഴി ദൈവം നിർദ്ദേശിക്കുകയാണ്. 'മറ്റൊരു വഴി' പുതിയതും, അപരിചിതവുമാണെന്നിരിക്കെ, യാതൊരു പരാതിയുമില്ലാതെ, ദൈവാനുഭവത്തിന്റെ വലിയ സന്തോഷത്തിലും ആത്മസംതൃപ്തിയിലും ജ്ഞാനികൾ മടങ്ങിപ്പോകുന്നതായിട്ട് നാം കാണുക. ജ്ഞാനികളുടെ ജീവിതപ്രയാണത്തിലൂടെ ഒരു മനോഹരമായ ആത്മീയ മാതൃക നാം കാണുകയാണ്: ''ഈശോയെ നോക്കുന്നവരും, അന്വേഷിക്കുന്നവരും ഈശോയെ കാണുന്നു; കാണുന്നവർ കുമ്പിട്ടാരാധിക്കുന്നു; ആരാധിക്കുന്നവർ സമർപ്പിക്കുന്നു (തങ്ങളെയും തങ്ങൾക്കുള്ളതിനെയും); കീഴടങ്ങുകയും സമർപ്പിക്കുകയും ചെയ്യുന്നവർക്ക് ദൈവത്തിന്റെ ദർശനവും സ്വർഗ്ഗത്തിന്റെ മാർഗ്ഗനിർദ്ദേശവും ലഭിക്കുന്നു.''

ക്രിസ്തീയ-ആത്മീയ ജീവിതത്തിൽ ''മറ്റൊരുവഴി'' യേശുവിന്റെയും സുവിശേഷ ഭാഗ്യങ്ങളുടെയും വഴിയാണ്; ആത്മസമർപ്പണത്തിന്റെയും പരിത്യാഗത്തിന്റെയും വഴിയാണ്, സഹനങ്ങളുടെയും കുരിശിന്റെയും വഴിയാണ്; ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും വഴിയാണ്; ആനന്ദത്തിന്റെയും പ്രത്യാശയുടെയും വഴിയാണ്. ദൈവിക ഇടപെടലുകളും സ്വർഗ്ഗത്തിന്റെ ദർശനവും ലഭിച്ചുകഴിഞ്ഞാൽ, ക്രിസ്തീയശിഷ്യത്വവും യേശു അനുഗമനവും, ക്ലേശങ്ങളുടെയും പ്രതികൂല സാഹചര്യങ്ങളുടെയിടയിലും

ആനന്ദകരവും, ആശ്വാസദായകവും, അനുഗ്രഹപ്രദവുമായി തീരും എന്ന് സുവിശേഷം നമുക്ക് ബോധ്യപ്പെടുത്തിതരുന്നു. ജ്ഞാനികൾ സ്വദേശത്തേക്ക് മടങ്ങിപ്പോയതിനുശേഷമുള്ള ജീവിതത്തെക്കുറിച്ച് സുവിശേഷകൻ പരാമർശിക്കുന്നില്ലായെങ്കിലും, തങ്ങളുടെ മിശിഹാനുഭവവും, ഈശോയെ കണ്ടതിലൂടെ തങ്ങൾക്ക് അനുഭവവേദ്യമായ ആഴമായ സന്തോഷവും, വ്യക്തിപരമായ ആത്മീയ ആനന്ദവും, എങ്ങും ഏവർക്കും പകർന്നു നൽകിക്കൊണ്ട് അവരുടെ ശിഷ്ടജീവിതം ജീവിച്ചു എന്ന് തീർച്ചയായും നമുക്ക് അനുമാനിക്കാം.

### സമാപനം

ആത്മീയ ജീവിതത്തിന്റെയും ദൈവാന്വേഷണത്തിന്റെയും പാതയിൽ, മത്തായി സുവിശേഷം 2:1-12-ൽ കാണുന്ന ജ്ഞാനിയുടെയും നക്ഷത്രത്തിന്റെയും വിവരണം ഏറ്റം ഉദാത്തമായ മാതൃകയും, പ്രചോദനാത്മകമായ ഉദാഹരണവുമാണ്. ഒരു യാഥാർത്ഥ സത്യാന്വേഷകനും ആത്മീയ പാതയെ പുൽകുന്നവനുമായ മനുഷ്യൻ, ലോകത്തിലാണ് ജീവിക്കുന്നതെങ്കിലും, ലൗകിക മോഹങ്ങളിൽ തന്റെ ജീവിതവും ഹൃദയവും ഉടക്കിയിടാതെ, ഉന്നതമായ ദർശനവും ദൈവോന്മുഖമായ ചിന്തകളും വ്യാപാരങ്ങളുമായി സത്യജ്ഞാനത്തിന്റെ പാതയിൽ ചരിക്കുന്നവനായിരിക്കും. അപ്രകാരമുള്ള ആത്മീയ വ്യക്തികൾ തന്റെ ചുറ്റുമുള്ള നിരവധി യാഥാർത്ഥ്യങ്ങളുടെയും, നക്ഷത്രങ്ങളുടെയും, ആകർഷക വസ്തുക്കളുടെയുമിടയിൽ, തന്റെ ജീവിതത്തെ ദൈവത്തിലേക്കും സ്വർഗ്ഗത്തിലേക്കും നയിക്കുന്ന യഥാർത്ഥ നക്ഷത്രങ്ങളെയും ദൈവിക അടയാളങ്ങളെയും തിരിച്ചറിയുവാനും, അവ കാണിച്ചുതരുന്ന പാതയിലൂടെ സദാ ചരിക്കുവാനും, ആത്മീയ-ക്രിസ്തീയ ജീവിതത്തിൽ മുന്നേറുവാനും ശുഷ്കാന്തി കാണിക്കുകയും ചെയ്യും. മാത്രമല്ല, ഈ ലോകജീവിതത്തിൽ എപ്പോഴെങ്കിലും നക്ഷത്രപാതയിൽ നിന്ന് വ്യതിചലിക്കുകയോ, വഴിതെറ്റുകയോ ചെയ്താൽ, അവയെ തിരിച്ചറിയുവാനും, തിരുത്തി മുന്നേറാനും സദാ ജാഗരൂകരുമായിരിക്കും.

ഏതൊരു ദൈവാനുഭവത്തിലും ദൈവിക കണ്ടുമുട്ടലിന്റെ അനുഭവത്തിലും, യഥാർത്ഥ ആരാധനയും അർപ്പണവും സ്വയം സമർപ്പിക്കലും സംഭവിക്കും; മാത്രമല്ല, ദൈവികസ്വരവും ദർശനവും ലഭിക്കുകയും, ദൈവികനിർദ്ദേശപ്രകാരം തന്റെ തുടർന്നുള്ള ജീവിതത്തെ ക്രമീകരിക്കുവാനും പരിശ്രമിക്കും. അതിലുപരി ദൈവത്തിന്റെ സ്വപ്നം തന്റെ തന്നെ സ്വപ്നമായും, സ്വർഗ്ഗത്തിന്റെ ദർശനം തന്റെ തന്നെ ദർശനമായി മാറ്റുവാനും എളുപ്പത്തിൽ സാധിക്കും. ദൈവത്തെ കണ്ടാൽ, അനുഭവിച്ചാൽ, ആരാധിച്ചാൽ, ദൈവത്തിനായി സർവ്വവും അർപ്പിച്ചാൽ, ദൈവസ്വരം ശ്രവിച്ചാൽ, തിരുഹിതം മനസ്സിലാക്കിയാൽ, വന്നവഴിയെ വീണ്ടും ചരിക്കുവാൻ ഒരുവന് സാധിക്കുകയില്ല; പാതയിൽ മാറ്റം ഉണ്ടാകും, ജീവിതത്തിന് നവീകരണം സംഭവിക്കും, മനോഭാവത്തിൽ ദൈവികതെളിച്ചം ലഭിക്കും, ദൈവത്തിന്റെ സ്വപ്നം തന്റെ തന്നെ സ്വപ്നമായി മാറും. അതായിരുന്നു സഭയിലെ വിശുദ്ധാത്മാക്കളുടെയും രക്തസാക്ഷികളുടെയും സുവിശേഷപ്രഘോഷകരുടെയും ജീവിതം. ആ ജീവിതത്തിലേക്കാണ് ഓരോ യേശുശിഷ്യനും, ക്രിസ്തു അനുയായിയും വിളിക്കപ്പെട്ടിരിക്കുന്നത്.

ദൈവത്തിന്റെ 'നക്ഷത്രം കാണുക, നക്ഷത്രം ആകുക' എന്നത് ജ്ഞാനികളുടെയും നക്ഷത്രത്തിന്റെയും സുവിശേഷഭാഗം ഓരോ ക്രിസ്ത്യാനിക്കും, യേശുശിഷ്യനും നൽകുന്ന ഏറ്റവും വലിയ ആഹ്വാനവും വെല്ലുവിളിയുമാണ്. ഈ മാറുന്ന ലോകത്തിലും, അത്യാധുനികകാലഘട്ടത്തിലും, മറ്റുള്ളവരെ ദൈവസന്നിധിയിലേക്കും, സ്വർഗ്ഗത്തിലേക്കും നയിക്കുന്ന, സദാ പ്രഭ ചൊരിയുന്ന നക്ഷത്രങ്ങളാകാം. തിരുപ്പിറവിയുടെ ഈ നാളുകളിൽ ദൈവത്തിന്റെ സ്വപ്നവും, സ്വർഗ്ഗത്തിന്റെ ദർശനവും കൈമുതലായി സമർപ്പിതവഴിയിൽ, ശിഷ്യത്വത്തിന്റെ പാതയിൽ സുവിശേഷത്തിന്റെ ആനന്ദവും പുൽക്കൂട്ടിൽ ജനിച്ച ദിവ്യപൈതലിന്റെ അനുഗ്രഹവും അനുഭവിക്കുകയും, ആഴപ്പെടുത്തുകയും, പങ്കുവെയ്ക്കുകയും ചെയ്യാം. ◉

## പരിശുദ്ധാത്മാവേ, എഴുന്നള്ളിവരണമേ...

*പരിശുദ്ധാത്മാവേ,
എഴുന്നള്ളി വരണമേ. അങ്ങയുടെ
പ്രകാശത്തിന്റെ കതിർ സ്വർഗത്തിൽ
നിന്നും അയയ്ക്കണമേ.
അഗതികളുടെ പിതാവേ! ദാനങ്ങൾ
കൊടുക്കുന്നവനേ! ഹൃദയത്തിന്റെ
പ്രകാശമേ! എഴുന്നള്ളി വരണമേ.
ആശ്വായദായകാ! ആത്മാവിന്റെ
മാധുര്യമേ! ഉഷ്ണത്തിൽ തണുപ്പേ!
അവശതയിൽ ആലംബമേ! എഴുന്നള്ളി
വരണമേ. ആനന്ദപൂർണമായ
പ്രകാശമേ, അങ്ങേ വിശ്വാസികളുടെ
ഹൃദയങ്ങളെ നിറയ്ക്കണമേ.
അങ്ങയുടെ അനുഗ്രഹം കൂടാതെ
മനുഷ്യരിൽ പാപമല്ലാതെ
മറ്റൊന്നുമില്ല. മാലിന്യമുള്ളതു
കഴുകണമേ, വാടിപ്പോയതു
നനയ്ക്കണമേ, രോഗമുള്ളതു
സുഖപ്പെടുത്തണമേ, ആറിപ്പോയതു
ചൂടാക്കണമേ, കടുപ്പമുള്ളതു
മയപ്പെടുത്തണമേ, വഴിതെറ്റപ്പോയതു
നേർവഴിയ്ക്കാക്കണമേ. അങ്ങിൽ
ആശ്രയിക്കുന്ന വിശ്വാസികൾക്ക്
അങ്ങയുടെ ഏഴ് വിശുദ്ധ ദാനങ്ങളും
ഫലങ്ങളും നല്കണമേ*



# എന്റെ വല്യമ്മച്ചി അറബിക്ക് മുത്തം കൊടുത്തപ്പോൾ...

റവ. ഫാ. റെന്നി കാഞ്ഞിരത്തിങ്കൽ

സ്നേഹത്തിന്റെ ഭാഷ സ്നേഹവും മനുഷ്യന്റെ അടയാളം മനുഷ്യത്വവുമാണ്. മനുഷ്യൻ നിർമ്മിക്കുന്ന മതിലുകളെ തൂത്തെറിയുവാൻ ക്രിസ്തുവിന്റെ സുവിശേഷം ആഹ്വാനം ചെയ്യുമ്പോൾ ഇന്നിന്റെ മക്കൾ നൂതനമായ അതിർവരമ്പുകൾ പണിതുയർത്തിക്കൊണ്ടേയിരിക്കുന്നു. സ്നേഹം മൂന്നക്ഷരത്തിലേക്ക് ഉൾവലിയപ്പെടുമ്പോൾ മനുഷ്യന്റെ പ്രവർത്തികൾ നിർജ്ജീവമാകുന്നു. ഈ പശ്ചാത്തലത്തിലാണ് കടൽ കടന്നെത്തിയ അലി എന്ന അറബി ആധുനിക തലമുറയെ മനുഷ്യ സ്നേഹത്തിന്റെ പാഠങ്ങൾ ഏറെ പഠിപ്പിക്കുന്നത്.!

കഴിഞ്ഞ പതിനൊന്ന് വർഷക്കാലമായി ഒമാനിലെ അലി എന്ന അറബിയുടെ കീഴിൽ ജോലി ചെയ്തുവരുകയായിരുന്നു എന്റെ അമ്മാവൻ. എല്ലാവരും വാത്സല്യത്തോടെ അന്തോണിച്ചൻ എന്ന് വിളിക്കുന്ന ആന്റണി മാത്യു എന്ന അമ്പത്തിമൂന്നുകാരൻ ഇക്കഴിഞ്ഞ ഒക്ടോബർ നാലിന് ഹൃദയാഘാതത്തെ തുടർന്ന് മരണപ്പെട്ടു. അലിയുടെ ഏറ്റവും വിശ്വസ്തനായ ജോലിക്കാരനായിരുന്നു അന്തോണിച്ചൻ. അലിക്ക് മാത്രമല്ല, അദ്ദേഹത്തിന്റെ കുടുംബത്തിനും ഏറെ പ്രിയപ്പെട്ടവൻ. അന്തോണിച്ചന്റെ വിയോഗം അറബി കുടുംബത്തിന് തങ്ങളുടെ കുടുംബത്തിലെ ഒരംഗം വിടപറഞ്ഞു പോയതുപോലെ വേദനാജനകമായിരുന്നു. ചേതനയറ്റ അന്തോണിച്ചനെ ആശുപത്രിയിൽ കൊണ്ടുപോകുന്നതിനും അവിടെ നിന്നും സ്വദേശമായ മുട്ടുചിറയിലെ ഭവനത്തിൽ എത്തിക്കുന്നതിനും വേണ്ട എല്ലാ സഹായ സഹകരണങ്ങളും ചെയ്തത് അലി എന്ന മനുഷ്യസ്നേഹിയായിരുന്നു.

അന്തോണിച്ചന്റെ മൃതശരീരം വീട്ടിൽ എത്തിക്കുവാൻ മാത്രമല്ല, മൃതസംസ്ക്കാരച്ചിലവ് പോലും ഒരു സഹോദരന്റെ കടമപോലെ അദ്ദേഹം ഏറ്റെടുത്തു. ഒമാനിലെ എന്റെ സഹോദരൻ റിജുവിന്റെയും ആന്റിയുടെ മകൻ സിദുവിന്റെയും കയ്യിൽ ചില



വുകൾക്കുള്ള പണം ഏൽപ്പിച്ച ശേഷം, വിശുദ്ധ ബൈബിളിൽ നാം കാണുന്ന നല്ല സമരിയാക്കാരന്റെ ഉപമയിലെ ആ നല്ല സമരിയാക്കാരനെപോലെ, അലി പറഞ്ഞു, 'കൂടുതലായി എന്തെങ്കിലും ചിലവാകുന്നെങ്കിൽ അതും ഞാൻ തന്നു കൊള്ളാം'. ബൈബിളിലെ നല്ല സമരിയാക്കാരന്റെ പുന:സൃഷ്ടിയാവുകയാണ് ഇവിടെ അലി എന്ന അറബി.

സംസ്ക്കാര ശുശ്രൂഷകൾ സമാപിച്ചതോടെയും അവസാനിച്ചില്ല തന്റെ പ്രിയപ്പെട്ട അന്തോണിച്ചനോടും കുടുംബത്തോടുമുള്ള അലിയുടെ സ്നേഹവും കരുതലും. മുട്ടുചിറയിലെ വീട്ടിൽ വരുവാനും അന്തോണിച്ചന്റെ കല്ലറ സന്ദർശിക്കുവാനും അറബി കുടുംബം ആഗ്രഹം പ്രകടിപ്പിച്ചു. അങ്ങനെ, രണ്ടാഴ്ച്ച മുൻപ് അലിയും സഹോദരങ്ങളും മുട്ടുചിറയിലെ വീട്ടിൽ എത്തുകയും, അന്തോണിച്ചന് നൽകുവാനുണ്ടായിരുന്ന ബാക്കി ശമ്പള തുക വല്യമ്മച്ചിയെ ഏൽപ്പിക്കുകയും ചെയ്തു. അലിയുടെ അമ്മയ്ക്കും അന്തോണിച്ചന്റെ കുടുംബാഗങ്ങളെ കാണുവാനും ആശ്വസിപ്പിക്കുവാനും ആഗ്രഹമുണ്ടായിരുന്നു. എങ്കിലും ആരോഗ്യപ്രശ്നങ്ങളാൽ അവർക്ക് മുട്ടുചിറയിൽ വരുവാൻ സാധിച്ചില്ല.

അലിയും സഹോദരങ്ങളും, വല്യമ്മച്ചിയെയും കുടുംബാഗങ്ങളെയും ആശ്വസിപ്പിക്കാൻ ഏറെ പാടുപ്പെട്ടു. വല്യമ്മച്ചി തന്റെ അന്തോണിച്ചന്റെ സ്ഥാനത്ത് അലിയെ കണ്ടുകൊണ്ട് അറബിയുടെ കവിളിൽ മുത്തം നൽകി. മനുഷ്യസ്നേഹത്തിന് പരിധികൾ നിശ്ചയിക്കപ്പെടുമ്പോൾ ഇവിടെ സ്നേഹത്തിന്റെ ഭാഷ സ്നേഹം മാത്രമായിതീരുന്നു. അതുകൊണ്ട് തന്നെ അലിക്ക് അന്തോണിച്ചന്റെ കുടുംബത്തെ ആശ്വസിപ്പിക്കുവാനും സ്നേഹവായ്പ്പുകൾ പ്രകടിപ്പിക്കുവാനും ഭാഷ ഒരു തടസ്സമായില്ല. വല്യമ്മച്ചി അറബിയെ ആലിംഗനം ചെയ്ത് മുത്തം നൽകിയപ്പോൾ, അന്തോണിച്ചന്റെ വേർപാടിന്റെ താപതീയണയ്ക്കാനാവാതെ ഇരുവരും വിതുമ്പി.

> ഒമാനിലെ എന്റെ സഹോദരൻ റിജുവിന്റെയും ആന്റിയുടെ മകൻ സിദുവിന്റെയും കയ്യിൽ ചിലവുകൾക്കുള്ള പണം ഏൽപ്പിച്ച ശേഷം, വിശുദ്ധ ബൈബിളിൽ നാം കാണുന്ന നല്ല സമരിയാക്കാരന്റെ ഉപമയിലെ ആ നല്ല സമരിയാക്കാരനെപോലെ, അലി പറഞ്ഞു, 'കൂടുതലായി എന്തെങ്കിലും ചിലവാകുന്നെങ്കിൽ അതും ഞാൻ തന്നു കൊള്ളാം'. ബൈബിളിലെ നല്ല സമരിയാക്കാരന്റെ പുന: സൃഷ്ടിയാവുകയാണ് ഇവിടെ അലി എന്ന അറബി.

തുടർന്ന് കുടുംബത്തോടൊപ്പം ഫോട്ടോ എടുക്കുകയും സൽക്കാരത്തിൽ പങ്കുചേരുകയും ചെയ്തശേഷം, അന്തോണിച്ചൻ നിത്യവിശ്രമം കൊള്ളുന്ന കുഴിമാടം സന്ദർശിച്ചു പ്രാർത്ഥിക്കുവാൻ, അലിക്കും സഹോദരങ്ങൾക്കും പ്രത്യേക താൽപ്പര്യമായിരുന്നു. ഇനിയും ഞങ്ങൾ അന്തോണിച്ചന്റെ അമ്മയെയും ബന്ധുക്കളെയും കാണുവാനും അന്തോണിച്ചന്റെ കുഴിമാടത്തിൽ പ്രാർത്ഥിക്കുവാനുമായി വരും എന്ന ഉറപ്പോടെ, സ്വന്തം കുടുംബമായി അവർ അന്തോണിച്ചന്റെ കുടുംബത്തെയും കരുതി... സ്വദേശത്തേക്ക് മടങ്ങി.

എന്റെ വല്യമ്മച്ചിയെ അറബി അലി ആശ്വസിപ്പിച്ചപ്പോൾ, അന്തോണിച്ചന്റെ മുഖം അദ്ദേഹത്തിന്റെ ഹൃദയത്തെ തൊട്ടുണർത്തിയിട്ടുണ്ടാവും. തന്റെ സ്വന്തം അമ്മയായി അന്തോണിച്ചന്റെ അമ്മയെ ഉൾക്കൊള്ളുവാൻ അലിയ്ക്ക് സാധിച്ചതുകൊണ്ടായിരിക്കണം, അറബിയെ ചുംബിക്കാൻ വല്യമ്മച്ചിക്ക് കഴിഞ്ഞത്. അന്തോണിച്ചന്റെ വിയോഗത്തിന്റെ ആഴമേറിയ മുറിവിൽ ലേപനം ഒപ്പിയതുപോലെ ഒരു നിമിഷം എല്ലാ സങ്കടങ്ങളും മാഞ്ഞു പോയതായി എല്ലാവർക്കും അനുഭവപ്പെട്ടു. ഞങ്ങൾ കുടുംബാഗങ്ങളുടെ എല്ലാ മുൻവിധികളെയും തിരിത്തിക്കുറിക്കുന്നതായിരുന്നു അറബി അലിയുടെയും കുടുംബത്തിന്റെയും സന്ദർശനവും സ്നേഹ സ്പർശവും. ഒരു മുസൽമാനായ അലിക്ക് തന്റെ സ്നേഹം പ്രകടമാക്കാൻ മതമോ ഭാഷയോ സംസ്ക്കാരമോ ദേശമോ യാതൊരു പ്രതിബന്ധവും സൃഷ്ടിച്ചില്ല. അന്തോണിച്ചന്റെ വേർപാടിന്റെ അഗാധ ദു:ഖത്തിൽ ഞങ്ങൾ കുടുംബാഗംങ്ങൾക്ക് തണുവാകാൻ അറബി കുടുംബത്തിന് സാധിച്ചു.

ഒരു മതബോധന ക്ലാസ്സിൽ കുട്ടി അധ്യാപകനോട് ചോദിക്കുകയുണ്ടായി ' ലോകം സൃഷ്ടിച്ചത് ആരാണ്? 'അധ്യാപകൻ മറുപടി പറഞ്ഞു'; 'ദൈവം'. ഉടനെ കുട്ടി അടുത്ത ചോദ്യം ചോദിച്ചു; 'എങ്കിൽ ആരാണ് ഭൂമിയുടെ ഭൂപടത്തിൽ ഇത്രയേറെ വരകൾ വരച്ചത്? അധ്യാപകൻ പറഞ്ഞു; 'അത് ദൈവമല്ല മനുഷ്യനാണ് ചെയ്തത്'. ദൈവം സർവചരാചരവും അതിർത്തികളില്ലാതെ സൃഷ്ടിച്ചു. എന്നാൽ മനുഷ്യർ എല്ലാറ്റിനും അതിർവരമ്പുകൾ സ്ഥാപിച്ചു. ദൈവം ദാനമായി നൽകിയ ഭൂമി ഭാഗിച്ചെടുത്ത് നമ്മുടേതായ വിലനൽകി എന്റെതും നിന്റെതും അവരുടേതുമൊക്കെയാക്കി മാറ്റി. ദൈവം സൃഷ്ടിച്ച മനുഷ്യൻ ദാനമായി ലഭിച്ച ഭൂമിയിൽ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നു. ഇന്ന് ജാതിയുടെയും മതത്തിന്റെയും ദൈവത്തിന്റെയും സംസ്കാരത്തിന്റെയും സമ്പത്തിന്റെയും ഭാഷയുടെയും പേരിൽപര സ്നേഹവും സഹോദര സ്നേഹവും ഉന്മൂലനം ചെയ്തുകൊണ്ടിരിക്കുന്ന ആധുനികയുഗത്തിന് ഒന്നടങ്കം അപവാദവും ലജ്ജാകരവുമാണ് അറബി അലിയുടെയും കുടുംബത്തിന്റെയും സ്നേഹവും സാന്ത്വനവും. അതെ, മനുഷ്യൻ മനുഷ്യത്വമില്ലാത്തവനായി മാറിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് വറ്റാത്ത മനുഷ്യസ്നേഹത്തിന്റെ സാക്ഷ്യപ്പെടുത്തലാവുകയാണ് അറബി അലിയും കുടുംബവും. ◉

> *ഉപവസിക്കുകയെന്നാൽ മാലാഖമാരുടെ ജീവിതത്തിലേക്ക് പ്രവേശിക്കുകയാണ്. സാത്താനെതിരെ സമരത്തിനുള്ള ഫലപ്രദമായ മാർഗ്ഗമാണിത്.*
>
> *-വി. അത്തനേഷ്യസ്*





# മറയായി മാറണം

റവ. ഫാ. തോമസ് പാട്ടത്തിൽചിറ CMF

കാൽവരിയുടെ നിറുകയിൽ കുത്തിനാട്ടപ്പെട്ട കുരിശാകുന്ന മോചന ചിഹ്നത്തിന്റെ മായാനിഴലായി നിന്ന മറിയത്തെ മറക്കാനാവുമോ? മറിയമാകുന്ന നിലം തികഞ്ഞ വിളനിലത്ത് വളർന്നുവരേണ്ട കതിരുകളാണ് ക്രൈസ്തവർ. അതിനു ദൈവപ്രമാണങ്ങൾ അനുസരിക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. കല്പനകൾ കർത്താവിങ്കലേക്കുള്ള കല്പടവുകളാണ്. ചട്ടങ്ങൾ ചവിട്ടുപടികളും. കർത്താവിനെ പ്രണയിക്കുന്നത് അവിടുത്തെ പ്രമാണങ്ങളുടെ പാലനത്തിലൂടെയാണ്. നിയമങ്ങൾ നമ്മുടെ നന്മയ്ക്കായുള്ള നയങ്ങളാണ്. പ്രമാണങ്ങളുടെ അനുസരണം ദൈവത്തോടുള്ള നമ്മുടെ പ്രതിസ്നേഹമാണ്. സംഖ്യയല്ല, സ്നേഹമാണ് സാരം. അലിവാണ് അളവുകോൽ. വാക്കിനെ വിലമതിക്കുന്നവനും, വാഗ്ദാനങ്ങളിൽ വിശ്വസ്തനും, ചെറിയവരുടെ വലിയ ദൈവവുമാണ് നമ്മുടേത്. അവിടുത്തെ ആജ്ഞകളിൽ അചഞ്ചലരായി നാം നിലകൊള്ളണം. സ്ഥിരതയ്ക്കാണ് എവിടെയും സ്ഥാനം. അസ്ഥിരതയെ ആശ്രയിക്കാനാവില്ല. വിശ്വാസജീവിതത്തിൽ തിരഞ്ഞെടുപ്പുകൾ നിർണ്ണായകങ്ങളാണ്. ഉടമ്പടികൾ ഉറപ്പുള്ളവയായിരിക്കണം. വക്രവഴികൾ വെടിഞ്ഞ് നേർവഴി നടക്കാനുള്ള ആർജ്ജവം നാം നേടണം. പിന്നിട്ട പാതയിൽ തട്ടിത്തെറിപ്പിച്ച നന്മയുടെയും നൈർമ്മല്യത്തിന്റെയും തിരുശ്ശേഷിപ്പുകൾ തിരഞ്ഞെടുത്തുള്ള ഒരു തിരിഞ്ഞുനടപ്പാണ് മാനസാന്തരം. ഉറകെട്ടവയെ ഉപേക്ഷിക്കാനും ഉണ്മയുള്ളവയെ ഉൾക്കൊള്ളാനുമുള്ള ചങ്കൂറ്റമാണത്. മാനസാന്തരം നിരന്തരം നടക്കേണ്ട ഒരു മാറ്റമാണ്. മാനസാന്തരപ്പെടുന്നവരുടെ നയനങ്ങൾ പിന്നീട് നനയാൻ ഇടവരില്ല. കാരണം, കരുണ കാണിക്കുന്നവനാണ് കർത്താവ്. മുറിവുണക്കാൻ മതിയായവനും, സൗഖ്യം സാധ്യമാക്കുന്നവനുമായ അവിടുത്തെ അനുഭവിച്ചറിയാൻ കഷ്ടപ്പാടുകളെ ഇഷ്ടപ്പെടുന്നവർക്ക് കഴിയും.

നൂറ്റാണ്ടുകളായി നിലനിന്നുപോരുന്ന സഭയുടെ പാരമ്പര്യങ്ങളെ തുരുമ്പുപിടിച്ചവയെന്നു പേരുകുത്തി അവഹേളിക്കുന്ന പുരോഗമന വാദികളുടെയും,

സഭാനിയമങ്ങൾക്കും ചട്ടങ്ങൾക്കും തുറങ്കലും തൂക്കുകയറും വിധിക്കുന്ന വിദ്വേഷി വെറിപൂണ്ട മാധ്യമ ജഡ്ജിമാരുടെയും നെറികെട്ട സേവന കാലമാണിത്. എന്നാൽ, വിശ്വാസികളെ സംബന്ധിച്ചിടത്തോളം വിരചിതമായ വചനങ്ങളും, അനുഷ്ഠിക്കപ്പെടുന്ന ആചാരങ്ങളും സമപ്രാധാന്യം അർഹിക്കുന്നവയാണ്. പ്രമാണഫലകങ്ങളുടെ മറുപുറങ്ങളാണ് പാരമ്പര്യങ്ങൾ. മാറ്റം നല്ലതാണ്. പക്ഷേ, അത് ആവശ്യമായവയ്ക്കും, അനുവദനീയമായ അളവിലും മാത്രംമതി. മറ്റുള്ളവയെ മാറ്റേണ്ടതില്ല. ചട്ടങ്ങളെയെല്ലാം ചവിട്ടുകുട്ടയിൽ തള്ളാനാവില്ല. സഭ സ്വഭാവത്താൽ ശ്ലൈഹികമാണ്. അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളാകുന്ന അടിത്തറയിൽ ഉറച്ചുനിൽക്കാൻ ഓരോ ക്രിസ്ത്യാനിക്കും കടമയുണ്ട്.

വിത്തുകളെ വിളകളാക്കാനുള്ള വിളി സുവിശേഷത്തിലുണ്ട് (മത്താ.13:1–9,18–23). കനിസമൃദ്ധിയാണ് കാതലായ കാര്യം. വിശ്വാസികളായ നമ്മുടെ അനുദിന ജീവിതനിലങ്ങളിൽ വചനം വിത്തുകളായി അവിരാമം വിതയ്ക്കപ്പെടുന്നുണ്ട്. നൂറുമേനി ഉറപ്പുതരുന്ന നല്ല നിലമാണോ നമ്മുടേത് എന്നതാണ് ചോദ്യം. വിതക്കാരന്റെ അലസതയല്ല, നമ്മുടെ അശ്രദ്ധയാണ് വിത്തുകൾ അസ്ഥാനത്തു വീഴുന്നതിനും, വിഫലമായിപ്പോകുന്നതിനുമുള്ള അടിസ്ഥാന കാരണം. ആകയാൽ, കല്പനകളാകുന്ന കലപ്പയാൽ ഉഴുതുമറിച്ച്, സുകൃതവരങ്ങളാൽ സേചിതമാക്കി, കൂദാശകളാകുന്ന വളക്കൂട്ടുകൾ വിതറി ഹൃദയ വയലുകളൊരുക്കിയിടാം. ജീവിത വ്യാപാരങ്ങളെ കൂടുതൽ ക്രൈസ്തവീകരിക്കാം. വയസ്സേറുംതോറും വയലായും വലുതാകാം. വചന വിത്തുകളെ വളഞ്ഞുവരുന്ന കളകളെ കളയാം. വിതയ്ക്കപ്പെടുന്ന വചനവിത്തുകളെ വിളയും വിഭവവുമാക്കി വിളമ്പുക എന്നതാണ് വാസ്തവത്തിൽ ക്രിസ്ത്വാനുകരണവും ക്രൈസ്തവ ധർമ്മവും. നാളിതുവരെ വീണുകിട്ടിയ വിത്തുകളെ വിളകളാക്കാൻ കഴിഞ്ഞിട്ടുണ്ടോ? വഴിയോരത്തു തഴയപ്പെടുന്ന വിത്തുകളാണ് ആകാശപ്പറവകൾക്ക് ആഹാരമാകുന്നത്. മണ്ണിന്റെ ആഴമില്ലായ്മയും, കളകളും, കണ്ടകപ്പടർപ്പുകളുമൊക്കെ നമ്മുടെതന്നെ തന്റേടത്തിന്റെയും താത്പര്യമില്ലായ്മയുടെയും നിർമ്മിതികളാണ്. അതോടൊപ്പം, വിത്തുകളെ കൊത്തിപ്പറക്കാനും, നാമ്പുകളെ ഞെരുക്കി നശിപ്പിക്കാനും, കതിരുകളെ കാർന്നുതിന്നാനും തക്കം പാർക്കുന്ന നാരകീയ ശക്തികൾ പെരുകിവരുന്ന സമൂഹത്തിലാണ് നാം ജീവിക്കുന്നതെന്ന് വിസ്മരിക്കരുത്. വചനം വളരെയേറെ വെല്ലുവിളികൾ നേരിടുന്ന കാലമാണിത്. വചനാധിഷ്ഠിത മൂല്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്നവരെ വിലങ്ങു വയ്ക്കാനും അഴികൾക്കുള്ളിൽ അടയ്ക്കാനും അധികാരിവർഗ്ഗത്തിനു അല്പംപോലും അറപ്പില്ലാത്ത കറുത്തകാലം. എന്നാൽ, നല്ല നിലത്തിന്റെ പര്യായമെന്നാവണ്ണം നാരീമണിയൊരുവൾ മുന്നിൽ നില്പുണ്ട്. കന്യാമറിയമാണ് കാലമിന്നോളം കണ്ടിട്ടുള്ള, കളകളും, കിളികളുമില്ലാത്ത, കന്നിപ്പാടം. അരുളപ്പെട്ട വചനത്തെ ഹൃദയവയലിലും, ഉരുവായ വചനത്തെ ഉദരവയലിലും സഹർഷം സ്വീകരിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്തവൾ. മാതാവാണ് മാതൃക. ആ കൃപനിറഞ്ഞളിലേക്ക് കണ്ണുകളെറിയാം. ഓരോ പിറവിയും പരിശുദ്ധ അമ്മയുടേതുപോലെ പാർത്തലത്തിൽ പുണ്യത്തിന്റെ പുൽനാമ്പാകണം. പാഴ്ജന്മമാകാനല്ല വാഴ്‌വിലെ നമ്മുടെ നിയോഗം. പിന്നെയോ, വിശുദ്ധഗ്രന്ഥമാകുന്ന വെള്ളിത്താലത്തിൽ നിന്നും വിതക്കാരനായ ദൈവം വാരി വിതറുന്ന വചനമണികളെ വളവും വെള്ളവുമേകി വളർത്താനുള്ളതാണ്. അതിന്റെ പൂർത്തീകരണത്തിനായി പ്രതിനിമിഷം നാമോരോരുത്തരും മറിയമായി മാറണം. ◉

## എളിമപ്പെടാൻ കിട്ടിയ അവസരം പ്രയോജനപ്പെടുത്തിയവർ

*ഒരിക്കൽ വി. ഫ്രാൻസിസും കൂട്ടരും ഇന്നസെന്റ് തൃദായൻ മാർപാപ്പയെ കണ്ട് സുവിശേഷപ്രഘോഷണത്തിനുള്ള അനുവാദം വാങ്ങാൻ പുറപ്പെട്ടു. മാർപാപ്പ അവരെനോക്കി: മുഷിഞ്ഞ വസ്ത്രം, മെലിഞ്ഞശരീരം, ഒട്ടിയ കവിളുകൾ, കുഴിഞ്ഞകണ്ണ്, അലങ്കോലമായമുടി, നഗ്നപാദങ്ങൾ...! പാപ്പാ ചോദിച്ചു: നിങ്ങൾ ആരാണ്..? എന്തിനു വന്നു...? ഫ്രാൻസിസ് പറഞ്ഞു: സുവിശേഷം അനുസരിച്ച് ജീവിക്കാനും, പ്രസംഗിക്കുവാനുമുള്ള അനുവാദത്തിനായി. ഇതുകേട്ട് പാപ്പയുടെ കോപം കത്തി ജ്വലിച്ചു. നിങ്ങൾപോയി പന്നികളോട് സുവിശേഷം പ്രസംഗിക്കുക. അവർ അവിടെനിന്ന് ഇറങ്ങിപോയി. അന്ന് രാത്രി മാർപാപ്പ ഒരു സ്വപ്നംകണ്ടു. വത്തിക്കാനിലെ ലാറ്ററൻ ദൈവാലയം അടിയോടെ ആടി ഉലയുന്നു. അതിന്റെ ശക്തിയിൽ ദൈവാലയം ഒരു വശത്തേയ്ക്ക് ചരിയുന്നു. അപ്പോഴിതാ അരയിൽ കയറുകെട്ടിയ ഒരു പ്രാകൃതവേഷക്കാരൻ പള്ളിമുറ്റത്തേക്ക് ഓടിവരുന്നു. അയാൾ ആ ചരിഞ്ഞ ദൈവാലയം കണ്ടില്ലെന്നു തോന്നുന്നു. മാർപാപ്പ വിളിച്ചു പറഞ്ഞു: നിൽക്കണേ, അടുത്തു ചെല്ലരുത്. പള്ളി മറിഞ്ഞു വീഴുന്നു. എന്നാൽ സ്വരം പുറത്തേക്ക് വരുന്നില്ല. ഉടനെ അതാ ആ മനുഷ്യൻ പള്ളിയുടെ ഭിത്തിയിൽ പിടിച്ച് മെല്ലെ ഒന്ന് തള്ളുന്നു. ഭിത്തി നേരെയായി. പാപ്പാ സൂക്ഷിച്ചു നോക്കി. ഇന്നലെ 11-പേരൊടൊപ്പം തന്നെ സന്ദർശിക്കാൻ വന്ന ആ പ്രാകൃത മനുഷ്യൻ തന്നെ. ഉടൻതന്നെ ആ സ്വപ്നം അവസാനിച്ചു. പിറ്റേന്ന് പാപ്പ അദ്ദേഹത്തെ തിരക്കി ആളയച്ചു. എവിടെയും കാണാനില്ല. ഒടുവിലതാ റോമാ നഗരത്തിന്റെ ഒരു ഒഴിഞ്ഞ മൂലയിൽ പന്നികൂട്ടത്തിൽ ഫ്രാൻസിസും അനുയായികളും, പന്നികളോട് വചനം പ്രസംഗിക്കുന്നു. പാപ്പാ അവരെ സ്വീകരിച്ചു. ഫ്രാൻസിസിന് 6–ാം പട്ടവും മറ്റുള്ളവർക്ക് 1–ാം പട്ടവും നൽകി.*

# സഭാ വാർത്തകൾ

## വാക്കുകളേക്കാൾ സ്വന്തം ജീവിത മാതൃകയിലൂടെ പഠിപ്പിക്കുന്ന വൈദിക പരിശീലകരെയാണ് ആവശ്യം: ഫ്രാൻസിസ് പാപ്പ

**വത്തിക്കാൻ സിറ്റി:** വാക്കുകളേക്കാൾ സ്വന്തം ജീവിതത്തിന്റെ മാതൃകയിലൂടെ പഠിപ്പിക്കുന്ന വൈദിക പരിശീലകരെയാണ് ആവശ്യമെന്നു ഫ്രാൻസിസ് പാപ്പ. ഇക്കഴിഞ്ഞ വ്യാഴാഴ്ച രാവിലെ ലാറ്റിനമേരിക്കൻ സെമിനാരികളുടെ റെക്ടർമാരുമായും പരിശീലകരുമായും സംസാരിക്കുകയായിരിന്നു പാപ്പ. ഇതിന് മാനുഷിക പക്വത ആവശ്യമാണെന്നും പൗരോഹിത്യ രൂപീകരണവും, ഭാവിയിലെ അജപാലകരുടെ രൂപീകരണവും സുവിശേഷവത്കരണത്തിന്റെ ഹൃദയഭാഗത്താണെന്നും മാർപാപ്പ ഊന്നി പറഞ്ഞു.

---

## വിശ്വാസ ജീവിതം അവഹേളിക്കപ്പെടുന്ന സാഹചര്യം ക്രൈസ്തവ സ്ഥാപനങ്ങളിൽ പൂർണ്ണമായി ഒഴിവാക്കണം: കെസിബിസി ജാഗ്രത കമ്മീഷൻ

**കൊച്ചി:** വിശ്വാസ ജീവിതത്തിന്റെ ഭാഗമായ ആരാധനക്രമം, പൗരോഹിത്യം, സന്യാസം, കൂദാശകൾ, സഭയുടെ പ്രബോധനങ്ങൾ തുടങ്ങിയവ അവഹേളിക്കപ്പെടുകയും അവമതിക്കപ്പെടുകയും ചെയ്യപ്പെടുന്ന സാഹചര്യങ്ങൾ സഭാ സ്ഥാപനങ്ങളിൽ പൂർണ്ണമായി ഒഴിവാക്കപ്പെടേണ്ടതാണെന്ന് കെസിബിസി ജാഗ്രത കമ്മീഷൻ. ലോകത്തിന് ഉപ്പും ഭൂമിക്ക് പ്രകാശവുമാകാനുള്ള ക്രൈസ്തവന്റെ വിളിയുടെ തുടർച്ചയാണ് സഭയുടെ സാമൂഹിക പ്രവർത്തനങ്ങളും ഇടപെടലുകളും. സ്നേഹത്തിലും നന്മയിലും സത്യത്തിലും അടിയുറച്ച് സുവിശേഷം പകർന്നു കൊടുക്കുകയാണ് ക്രൈസ്തവ സ്ഥാപനങ്ങളുടെ അടിസ്ഥാന ലക്ഷ്യമെന്നും കെസിബിസി ചൂണ്ടിക്കാട്ടി.

---

## ഭാരത കത്തോലിക്കാ മെത്രാൻ സമിതിയിലേക്ക് മാർ ആൻഡ്രൂസ് താഴത്തിനോടൊപ്പം പുതിയ നേതൃത്വവും

**ബംഗളൂരു:** ഭാരത കത്തോലിക്കാ മെത്രാൻ സമിതിയിലേക്ക് മാർ ആൻഡ്രൂസ് താഴത്തിനോടൊപ്പം മദ്രാസ് മൈലാപ്പൂർ ആർച്ച്ബിഷപ്പ് ഡോ. ജോർജ് അന്തോണിസാമി, ബത്തേരി ബിഷപ്പ് ജോസഫ് മാർ തോമസ് എന്നിവരെ പുതിയ വൈസ് പ്രസിഡന്റുമാരുമായും തെരഞ്ഞെടുത്തു. മഹാരാഷ്ട്രയിലെ വസായ് രൂപതാധ്യക്ഷനായ ഡോ. ഫെലിക്സ് മച്ചാഡോയാണു സെക്രട്ടറി ജനറൽ. ബംഗളൂരു സെന്റ് ജോൺസ് നാഷണൽ അക്കാദമി ഓഫ് ഹെൽത്ത് സയൻസസ് ഓഡിറ്റോറിയത്തിൽ നടന്ന സിബിസിഐ യുടെ 35-ാം പ്ലീനറി സമ്മേളനമാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്.

### Our Account Details

A/c. Name: Annointing Fire Media Ministry
A/C.No: 0063073000003716
Bank: South Indian Bank (SIB)
IFSC: SIBL0000063.
Branch: Palakkad Main Branch
Ph : +91 7034 957777

**Office Address:**
Anointing Fire Media Ministry,
St. Jude Tower, Robinson road.
Near Renjith Motels, Palakkad,
Kerala. S. India. 678001.
Email : afmmindia@gmail.com




Volume No.6, Issue No. 67, 2022 Dec. Published by: Anointing Fire Media Ministries , Owned by : Reji Arackal,
AFCM Media Ministry, St.Jude Tower, Robinson Road, Palakkad - 678 001, Chief Editor : Sabu Kasargod, Printed @ Don Bosco IGACT
PRIVATE CIRCULATION ONLY

206